സഞ്ചാരി

യാത്ര-3

അനുഭവങ്ങൾ	പേജ്
1. നിങ്ങൾക്കെന്ത് കാര്യം?	1
2. നല്ലത് നടത്താൻ നാട്ടുകാരെ പേടി	14
3. എൻെറ മയ്യിത്ത് ആര് നിസ്കരിക്കും?	31
4. നരകം-ഹൗസ്ഫുൾ	44

ലേഖകൻ:

വി. വി. അബ്ദുല്ലാസാഹിബ്

പെരിഞ്ഞനം.

പ്രസാധനം:

ശഫീഖ് ബുക്ക് സെൻറർ

പെരിഞ്ഞനം.

മേയ് 1989.   വില 4.50

സഞ്ചാരി

യാത്ര-3

അനുഭവം 1

നിങ്ങൾക്കെന്ത് കാര്യം

ഒരു ദിവസം അസർ നമസ്കരിച്ച് പള്ളിയുടെ വരാന്തയിൽ വിശ്രമിക്കുകയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ഒരു മാന്യൻ പള്ളിയകത്ത് നിന്നും വന്ന വരാന്തയിൽ ഇരിപ്പുറപ്പിച്ചു. വിശ്രമാവശ്യാർത്ഥമുള്ള ഇരിപ്പായിട്ടാണ് എനിക്ക് തോന്നിയത്. അല്പസമയം കഴിഞ്ഞപ്പോൾ മറ്റൊരു മാന്യൻ വെളിയിൽ നിന്നും പള്ളിയങ്കണത്തിൽ കടന്നുവന്ന അവിടെ ഇരിപ്പുണ്ടായിരുന്ന മാന്യന് സലാംചൊല്ലി സമീപത്തായി ഇരിപ്പുറപ്പിച്ചു. ''നിങ്ങൾ പള്ളിയിലേക്ക് പോന്നിട്ടുണ്ടെന്ന് പുറമേനിന്നറിഞ്ഞു. അതുകൊണ്ടാണ് ഇങ്ങോട്ടുപോന്നത്'' വന്നആൾ ഇപ്രകാരം സംഭാഷണം ആരംഭിച്ചു.

ഇരിപ്പുണ്ടായിരുന്നആൾ: എന്താ പ്രത്യേകം വല്ലതും ഉണ്ടോ? നമ്മൾ ഇന്നലെവരെ ദിനംതോറും കണ്ടുകൊണ്ടിരുന്നല്ലോ.

വന്നആൾ: ഇപ്പോൾ കാണേണ്ടുന്ന ഒരാവശ്യം ഉണ്ടായി ഇവിടെവെച്ച് കാണാൻസാധിച്ചത് സൗകര്യമായി.

ഇരി. ആൾ: അപ്പോൾ വിഷയം രഹസ്യമാണെന്ന് മനസ്സി

ലാകുന്നുണ്ട്. ഒഴിഞ്ഞ സ്ഥലത്ത്‌വെച്ച് സംസാരിക്കുന്നത് അത്തരം കാര്യങ്ങളാണല്ലൊ.

വന്ന: നമ്മെ സംബന്ധിച്ചമാത്രമേ രഹസ്യമാകുന്നുള്ളു. വിഷയം പരസ്യമാണ്. നിങ്ങൾ തന്നെ പരസ്യമാക്കിയതുമാണ്.

ഇരി: എന്തോ ഒരു കുററാരോപണംപോലെയുണ്ടല്ലൊ എന്തോ രഹസ്യങ്ങൾ ഞാൻ പരസ്യപ്പെടുത്തിയെന്ന് തോന്നുന്നു. ഒന്നും മനസ്സിലാവുന്നില്ലല്ലോ. തുറന്നുപറയൂ ഇഷ്ടാ.

വ: നിങ്ങളുടെ നോട്ടീസ്‌കണ്ടു. അത്‌തന്നെ.

ഇ: ഓഹോ അതിലെന്ത് രഹസ്യമിരിക്കുന്നു. എത്രകാലമായി പരസ്യമായിക്കഴിഞ്ഞതല്ലെ. നൂററാണ്ടുകളായി ലോകസമക്ഷം പരസ്യമായി നിലകൊള്ളുന്ന ഒരു കാര്യം നാം രണ്ടുപേരും കൂടി രഹസ്യമാക്കിയാൽ രഹസ്യമാകുമോ?

വ നിങ്ങളുടെ നോട്ടീസിൻെറ ഔചിത്യത്തെക്കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്,

ഇ: അതൊരു നോട്ടീസിൻെറ മറുപടിയാണ്. ഔചിത്യദോഷം അതിലില്ല.

വ: അത് നിങ്ങളുടെ അഭിപ്രായം. എൻെറ അഭിപ്രായം. അങ്ങനെയല്ല. ആ നോട്ടീസ് വേണ്ടായിരുന്നു എന്നാണ്.

ഇ: എന്ത് ചെയ്യാൻ. ഞാൻ നിങ്ങളുടെ അഭിപ്രായമനുസരിച്ചല്ലല്ലോ നീങ്ങുന്നത്. എല്ലാവരുടേയും അഭിപ്രായം അനുസരിച്ചു ചെയ്യുന്ന ആൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഇരിക്കട്ടെ. താങ്കളുടെ അഭിപ്രായം ഒന്ന് കേട്ടാൽ കൊള്ളാം.

വ: മറെറാരു നോട്ടീസിൻെറ മറുപടിയാണല്ലൊ നിങ്ങളുടെ നോട്ടീസ്? ആ നോട്ടീസിൻെറ കർത്താവ് ഒരു മുസ്ലിയാരാണ്. വിഷയം നമസ്കാരമാണ് അങ്ങിനെയുള്ള ഒരു നോട്ടീസിന്നും പ്രതി നോട്ടീസ് ഇറക്കേണ്ടത് ആരാണ്?

ഇ: ആ നോട്ടീസിലെ ദോഷങ്ങളോ, പാകപ്പിഴകളോ ചൂണ്ടിക്കാണിക്കാനും ചോദ്യങ്ങൾക്ക് മറുപടി പറയാനും കഴിവുള്ള ആൾ.

വ: അതാരാണ്?

ഇ: അതിന് കഴിവുള്ള ആൾ

വ: അതേ, അത് സമ്മതിച്ചു. അതാരാണെന്നു്?

ഇ: അതിനു ആവശ്യമായത്ര അറിവുള്ള ആരം.

വ: അതാരാണെന്നാണ് ഞാൻ ചോദിക്കുന്നത്.

ഇ; അതോ, അത് നിങ്ങരംതന്നെ.

വ: ഞാനല്ല, എനിക്കതിനുള്ള അറിവില്ലെന്നു് നിങ്ങരംക്കറിയാമല്ലൊ.

ഇ: എന്നാൽ പിന്നെ ഞാനാണ്.

വ: നിങ്ങളുമല്ല.

ഇ: എന്ത്കൊണ്ടല്ല?

വ: നിരംക്കതിനുള്ള അറിവില്ല.

ഇ: എന്റെ അറിവ് അളക്കുന്നതും നിർണ്ണയിക്കുന്നതും നിങ്ങളല്ല.

വ: എനിക്ക് ഏകദേശം ചരിത്രപശ്ചാത്തലത്തിൽ നിർണ്ണയിക്കാം. നിങ്ങരം ആണെന്നു് നിങ്ങരംതന്നെ ഉറപ്പിക്കുന്നതിലെ യുക്തിയെന്താണ്?

ഇ: അർത്ഥമില്ലാത്ത ചോദ്യമാണല്ലൊ അത്.

വ: അർത്ഥമുള്ള ചോദ്യമാണത്. നിങ്ങരംക്ക് അതിന്റെ മറുപടി അറിയില്ല.

ഇ: ഒരു നോട്ടീസിനു് മറുപടി കൊടുക്കുന്നത് അതിനു് കഴിവുള്ള ആരം എന്നു് പറഞ്ഞാൽ നിങ്ങരം സമ്മതിക്കില്ല. എന്നാൽ ഞാൻ പറയുന്നു. മറുപടി കൊടുക്കേണ്ടത് ഞാൻ തന്നെ.

വ: അല്ല, നിങ്ങളല്ല.

ഇ; പിന്നെ ആരാണ്?

വ: ഒരു മുസ്ലിയാരാണ് മറുപടികൊടുക്കേണ്ടത്. കാരണം നോട്ടീസ് മുസ്ലിയാരുടേതാണ്.

ഇ: നോട്ടീസിലെ കാര്യങ്ങരം ഒരു മുസ്ലിയാർക്ക് മാത്രം അല്ലെങ്കിൽ, കുറേ മുസ്ലിയാക്കരംക്ക് മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലാ എല്ലാ മുസ്ലിംകളേയും ബാധിക്കുന്ന നമസ്കാരമാണ് അതിൽ പരാമർശിതവിഷയം. ആകയാൽ കഴിവുള്ള ആർക്കും മറുപടികൊടുക്കാം നോട്ടീസ് ഇറക്കാം.

വ: ഒരു മുസ്ലിയാർ ഉന്നയിക്കുന്ന പ്രശ്നങ്ങരം മുസ്ലിയാരല്ലാത്ത ഒരു സാധാരണക്കാരനെങ്ങനെയാണ് മറുപടി കൊടുക്കുക?

ഇ: മുസ്ലിയാരെങ്ങനെ മറുപടി കൊടുക്കുമോ അത്പോലെ ഒരു സാധാരണക്കാരനും കൊടുക്കാം.

വ: മുസ്ലിയാർക്ക് തുല്യമാകുമോ സാധാരണക്കാരൻ?

ഇ: ആവും. എന്തുകൊണ്ടായിക്കൂടാ? നിങ്ങളുടെ ചോദ്യത്തിൽ മുസ്ലിയാർ എന്നാൽ ഒരു വമ്പിച്ച വസ്തുവാണെന്ന് ഭയമാകുന്നല്ലോ?

വ: നിങ്ങരം ഏതായാലും ഇതിനൊരുമ്പെട്ടത് നന്നായില്ല. അതു് വേണ്ടാത്ത പണിയായിപ്പോയി.

ഇ: വേണ്ടതാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട് ഞാൻ ചെയ്യേണ്ടിയിരുന്നില്ലാ എന്നു് നിങ്ങരം പറയാൻ കാരണം?

വ: അതിന് പററിയ ആളുകരം വേറെയുണ്ടല്ലോ. അവർ അത് ചെയ്തുകൊള്ളും. നിങ്ങരംക്ക് നിങ്ങളുടെ തൊഴിലും നോക്കി ഇരുന്നാൽ പോരേ?

ഇ: എന്റെ തൊഴിലിൽപ്പെട്ടതാണ് ഇസ്ലാമിനെ പഠിക്കലും പഠിപ്പിക്കലും പ്രചരിപ്പിക്കലും തെററുകണ്ടാൻ ചൂണ്ടിക്കാട്ടലും, തിരുത്തലും-അങ്ങിനെ ഇസ്ലാമുമായി ബന്ധപ്പെട്ട എല്ലാത്തിലും സജീവമായി ബന്ധപ്പെട്ട പ്രവർത്തിക്കലാണ് എന്റെ തൊഴിൽ നമ്പർ വൺ. മററുള്ളതെല്ലാം ദുൻയാവിലെ ദിവസങ്ങരം കഴിച്ചുകൂട്ടാനുള്ള തന്ത്രങ്ങരം മാത്രം. മുസ്ലിയാരുടെ നോട്ടീസിലെ അനൗചിത്യവും പരാജയലക്ഷണങ്ങളും അഭംഗിയും അപ്രസക്തതയും ഒക്കെ ചൂണ്ടിക്കാണിച്ച ഞാൻ ഒരു മറുപടി തയ്യാറാക്കിയതിന്നു്

നിങ്ങൾക്കെന്ത് കാര്യം അത് ചോദ്യം ചെയ്യാൻ? എനിക്ക് ശരിയെന്ന് തോന്നുന്നത്, എനിക്ക് കടമ എന്ന് തോന്നുന്നത് എന്റെ മനോഗതംപോലെ ചെയ്യുന്നതിന് നിങ്ങളുടെ അനുവാദം വാങ്ങേണമെന്ന് തോന്നുന്നവല്ലോ. നിങ്ങളുടെ വാചകരീതികണ്ടാൽ ഞാൻ എന്തോ ആപത്ത് നിങ്ങൾക്ക് വരുത്തിവെച്ചത് പോലെത്തോന്നും. നിങ്ങളുടെ ആ ഭാവത്തിന് ഒരു വിശദീകരണം ആവശ്യമാണ്.

വ: വിശേഷാൽ ഒന്നും ഇല്ല. നിങ്ങൾ ഇപ്പറഞ്ഞമാതിരി രിയൊന്നും ഞാൻ കരുതിയില്ല, ഇസ്ലാമിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ മുസ്ലിയാക്കൾ ഉള്ളപ്പോൾ നിങ്ങൾ എന്തിന് അതിൽ കയറിക്കൂടുന്നു, കയ്യിട്ടുവാരുന്നു. അതാണ് എന്റെ വിചാരം.

ഇ: നിങ്ങൾ ഇപ്പോൾ പറഞ്ഞതിൽ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് മുസ്ല്യാക്കളേ, അവർ മാത്രമേ, ഇസ്ലാമിനെപ്പററി സംസാരിക്കാൻ പാടുള്ളൂ. രണ്ട് മുസ്ലിയാരല്ലാത്ത ഞാൻ ഇസ്ലാമിനെപ്പററി സംസാരിക്കാൻ യോഗ്യനല്ല. ഇതുരണ്ടും ശരിയല്ല. നിങ്ങളുടെ ധാരണ മാറേറണ്ടിയിരിക്കുന്നു അക്കാര്യത്തിൽ നിങ്ങൾ അജ്ഞനാണ്.

വ: നിങ്ങളുടെ വയസ്സ് ഏകദേശം എനിക്കും ആവാറായി. എനി അഭിപ്രായംഒന്നും മാറേറണ്ട ആവശ്യമില്ല

ഇ: ചെറുപ്പം മുതലേ തെററായ ധാരണവെച്ചു പുലർത്തുകയും അത് ശരിയായ ധാരണയുമായി കൂട്ടിമുട്ടാൻ സന്ദർഭം ലഭിക്കാതെ വരികയും ചെയ്തതിനാൽ സ്വയം തെററുകളെപ്പററി ബോധവാനാവാൻ ഇത്വരെ നിങ്ങൾക്ക് സാധിച്ചില്ല. വയസ്സ് എത്ര അധികമായാലും ശരിയായ അറിവ് പഠിക്കാത്തവൻ, പഠിച്ചതൊക്കെ ശരിയെന്ന് മൂഢമായിക്കരുതുക സ്വാഭാവികമാണ്. നിങ്ങളും അമാതിരി ഒരാളാണെന്ന് കരുതാനിടവരുന്നതിൽ വ്യസനമുണ്ട് പക്ഷെ നാം ഇത്രകാലം പഴകിയിട്ടും നിങ്ങളുടെ തനിനിറം ഇന്നല്ലേ ഞാൻ കണ്ടുള്ളു എന്ന് അത്ഭുതപ്പെടുകയാണ്.

വ: എന്താണ് അത്ഭുതകരമായ എന്റെ തനിനിറം നിങ്ങൾ പുതുതായിക്കണ്ടത്.

ഇ: സുബഹാനല്ലാ ഈ കണ്ടത് പോരേ. ഇസ്ലാമിന്റെ കുത്തക മുസ്ലിയാക്കൾക്ക് കൊടുത്തിരിക്കയല്ലേ. ഇസ്ലാമി

ന്റെ സംരക്ഷണച്ചുമതല മുസ്ലിയാക്കാംക്ക, കരാർ കൊടുത്തിരിക്കയല്ലേ. ഇസ്ലാമിനെപ്പററി ആരും മിണ്ടരുത്. എഴുതരുതം, എല്ലാം മുസ്ലിയാക്കാം ചെയ്തുകൊള്ളും. അത് അവരുടെ മാത്രം ചുമതലയാണ്. ഇതാണ് നിങ്ങളുടെ ഒരു നിറം. മറെറാരു നിറം. എന്നിൽ നിങ്ങാം കാണുന്ന അയോഗ്യത. അതിന്റെ കാരണം നിങ്ങാം പറയണം. മുസ്ല്യാരല്ലാത്തത്കൊണ്ടു മാത്രമാണോ? മററുവല്ല ഹേതുവുമുണ്ടോ?

വ: നിങ്ങാം തെററിദ്ധരിക്കണ്ട. നിങ്ങാം വലിയ മതപണ്ഡിതനൊന്നുമല്ലല്ലൊ. പിന്നെ ഒരു മുസ്ലിയാരോട്ട് നേരിടാൻ നിങ്ങളെന്തിന് പോകണം. അതാണ് എന്റെ ചിന്താഗതി.

ഇ: മുസ്ലിയാരുടെ നോട്ടീസ് മറെറാരു നോട്ടീസിന് മറുപടിയാണ്. മറുപടി പറയുമ്പോാം പാലിക്കേണ്ടുന്ന മര്യാദ പാലിച്ചില്ല, അതിലെ സംശയങ്ങാംക്ക് മറുപടി പറഞ്ഞില്ല, അതെഴുതിയ ആളെ കണക്കിന്ന് പരിഹസിക്കുകയും ചെയ്തിട്ടുണ്ട് അതേസമയം ഏററവും പ്രധാനപ്പെട്ട, കർമ്മശാസ്ത്ര ശകലത്തെപ്പററിയാണ് ആ വിവാദം. ഈ സാഹചര്യത്തിൽ ആ മുസ്ലിയായുടെ നോട്ടീസിൽ സ്ററാണ്ടേടുള്ളതായില്ല. മുസ്ലിയാർ പദവിക്ക് യോജിച്ചതുമായില്ല. പിന്നെ ഇപ്പോഴത്തെ പാർട്ടിസം പിരിററിനെ ശരിക്കും നിഴലിക്കുന്നതാണ് മറുപടി. ഇസ്ലാമിക കർമ്മശാസ്ത്രം കൈകാര്യം ചെയ്യുമ്പോാം സുന്നത്ത് എന്താണെന്ന് മനസ്സിരുത്തണം. പാർട്ടി ജയിക്കണമെന്ന ലക്ഷ്യം മനസ്സിൽവെച്ചുകൊണ്ട് എന്തെങ്കിലും പറയരുത്. ഈ പാകപ്പിഴകാം നോട്ടീസിൽ എമ്പാടും കാണാനുണ്ട്. വായിക്കാനറിയുന്നവർക്ക് അരിശം തോന്നും.

വ: അതു് അവർ തരക്കാർ തമ്മതമ്മിൽ കണ്ടുപിടിച്ചു അടരാടിക്കൊള്ളട്ടെ.

ഇ; ആ കളി കണ്ടിരിക്കാൻ നിങ്ങാംക്ക് കഴിയുമായിരിക്കാം. എനിക്ക് കഴിയില്ല. ബാഹ്യരൂപത്തിലുള്ള പിശകുകാം തന്നെ കണ്ണിൽത്തറക്കുന്നു. വസ്തുനിഷ്ഠമായവ വേറെയും,

വ: അതൊക്കെ മുസ്ല്യാക്കാംക്കുള്ളതല്ലേ. അവർക്കല്ലേ അതൊക്കെ സാധിക്കൂ.

ഇ: അങ്ങനെ മുസ്ല്യാക്കളുടെ കുത്തകയല്ല അത്. നിങ്ങളുടെ ചോദ്യത്തിൽ മററാക്കും അത് സാദ്ധ്യമല്ലെന്ന് ധ്വനിക്കുന്നുണ്ട്.

വ: മുസ്ലിയാർ എന്നാൽ മതപണ്ഡിതൻ. അപ്പോൾ സാധാരണക്കാരനെങ്ങനെ മുസ്ലിയാർക്ക് തുല്യമാകും?

ഇ: നിങ്ങളുടെ അസാധാരണബുദ്ധിക്ക് കൂപ്പുകൈ. സ്നേഹിതാ, ഒരു സാധാരണക്കാരൻ–നിങ്ങളുടെ ഭാഷയിൽ എല്ലാ അമുസ്ലിയാക്കളും-മതബോധമില്ലാത്തവരാണെന്നല്ലേ നിങ്ങൾ പറയുന്നത്? മുസ്ലിയാർക്കുള്ള മതപാണ്ഡിത്യം അമുസ്ലിയാർക്ക് ഉണ്ടായിക്കൂടെന്നുണ്ടോ?

വ: മതപാണ്ഡിത്യമുണ്ടാകുമ്പോൾ അയാൾ മുസ്ലിയാരായി.

ഇ: ഇല്ല. എത്രയോ അമുസ്ലിയാക്കൾ മതവിജ്ഞാനമുള്ളവരായുണ്ട്. മുസ്ലിയാക്കളല്ലാത്തവർക്ക് മതബോധമില്ലെന്ന നിങ്ങളുടെ ധാരണയിൽ ഞാൻ അതിശയിക്കുന്നു. അത്തരം മതബോധമുള്ള അമുസ്ലിയാക്കളെ മുസ്ലിയാർ എന്ന് ബഹുജനം വിളിക്കുന്നില്ലെന്നേയുള്ളു.

വ: അപ്പോൾ ആരാണ് മുസ്ലിയാർ?

ഇ: പള്ളിദർസിൽചേർന്ന് അറബിഭാഷയിൽ കൂടി മതവിജ്ഞാനം നേടി, ആ അറിവ് ജീവിതോപകരണമായി സ്വീകരിച്ച്, കണ്ടാൽ പണ്ഡിതനെന്ന് തോന്നിപ്പിക്കുന്ന വേഷഭൂഷാദികളോടെ ദീനീ പ്രവർത്തനവുമായി കഴിയുന്നവർ, ഈ ഉപാധിയോടെ ജീവിതം നയിക്കുന്നവർ.

വ: മതവിജ്ഞാനമുള്ളവർ എന്ന് പറഞ്ഞാൽ പോരെ, ഇത്ര നീട്ടിവലിച്ച് വർണ്ണിക്കുന്നെന്തിന്?

ഇ: നിർവചനം ഒരളവിൽ പൂർത്തിയാവണമല്ലോ. മതവിജ്ഞാനം മാത്രം ലക്ഷണമാക്കിയാൽ പററുകയില്ല. ഞാനും നിങ്ങളും അരനൂററാണ്ടിലധികംകാലം മുസ്ലിംസമൂഹത്തിൽ മുസ്ലിമായി ജീവിച്ച പല മുസ്ലിയാക്കളുടേയും മതപ്രഭാഷണങ്ങൾ കേട്ടിരിക്കും. ഇസ്ലാമികമായ കുറേ അറിവ് നമുക്കുണ്ട്. നമ്മെ ആരും മുസ്ലിയാരെന്ന് വിളിക്കുന്നില്ലല്ലൊ.

വ: നമുക്ക് അറിവുണ്ടെന്ന് ആളുകൾ അറിയാഞ്ഞിട്ട്.

ഇ: നാം ജനങ്ങളുമായി സംസാരച്ച് ഇടപഴകുന്നുണ്ട്. നമുക്ക് കുറേയൊക്കെ അറിവുണ്ടെന്ന് അവർക്കറിയാം. അവർക്കറിവുണ്ടെന്ന് നമുക്കും അറിയാം. അങ്ങനെയുള്ള നാം അന്യോന്യം മുസ്ലിയാർ എന്ന് വിളിക്കുന്നില്ല. എന്ത്കൊണ്ട്?

വ: എന്തുകൊണ്ടാണ്ടാണ് വിളിക്കാത്തത്?

ഇ: നിങ്ങൾ പറയിൻ എന്തുകൊണ്ട് അറിവുള്ളവരെ മുസ്ലിയാർ എന്ന് വിളിക്കുന്നില്ല.

വ: നമ്മളൊക്കെ ചെറുപ്പം മുതലേ അറിയുന്നത്കൊണ്ടോ? നാട്ടുകാരായത്കൊണ്ടോ?

ഇ: നാട്ടിൽത്തന്നെ നാം പലരേയും മുസ്ലിയാർ എന്ന് വിളിക്കുന്നുണ്ടല്ലോ. ചെറുപ്പം മുതലേ അറിയുന്നവർ, അയൽവാസികൾ. അപ്പോഴോ?

വ: നിങ്ങൾ പറയിൻ എന്ത്കൊണ്ടാണ് ചിലരെമാത്രം മുസ്ലിയാർ എന്ന് വിളിക്കാൻ കാരണം?

ഇ; മുസ്ലിയാർ, സാധാരണക്കാർ എന്നിങ്ങനെ രണ്ട് ഇനമായി മുസ്ലിംകളെ വകതിരിച്ച നിങ്ങൾതന്നെയാണ് ഇതിന് ഉത്തരം തരേണ്ടത്.

വ: അത്രക്കൊക്കെ ആലോചിച്ചാണോ മുസ്ലിയാർ എന്ന സംബോധന നാം നടത്തുന്നത് അത്രയൊന്നും ഈ വിഷയം ചിന്തിച്ചിട്ടില്ല. നാട്ടുനടപ്പനുസരിച്ച് മുസ്ലിയാരെന്നും അല്ലാത്തവരെന്നും തരംതിരിച്ച എന്നേയുള്ളു.

ഇ: ഒരാളെക്കണ്ടാൽ അദ്ദേഹം ഒരു മുസ്ലിയാരാണെന്ന് ചിലപ്പോൾ നമുക്ക് തോന്നാറുണ്ടല്ലോ? എന്താണതിന് കാരണം?

വ: വേഷംകണ്ടാൽ ഏകദേശം ഊഹിക്കാം. താടിയോ, തലയിൽക്കെട്ടോ ഉണ്ടായാൽ സാധാരണഗതിയിൽ ആ ആളെ ഒരു മുസ്ലിയാരായി സ്വീകരിക്കും.

ഇ: അതാണ് എന്റെ ലക്ഷണം അഥവാ നിർവചനം നീളാൻ കാരണം. അറിവ് ഹൃദയത്തിലാണ്. ജനങ്ങൾക്ക് കാണാൻ കഴിയില്ല. അറിവിന്റെ പ്രതീകമായി ഒരു തലയിൽ ക്കെട്ട് ഉണ്ടായാൽ മുസ്ലിയാരായി. ''കൺകണ്ട അറിവാണ്'' അനുഗുണമായ വേഷം. ഇവിടെ തലയിൽക്കെട്ട്, താടി.

വ: അത് ശരിയാണ്. ഇത് രണ്ടും അല്ലെങ്കിൽ ഏതെങ്കിലും ഒന്നുണ്ടായാലും മതി അതിന്റെ ഉടമ മുസ്ലിയാരായി. കാരണം എല്ലാ മുസ്ലിയാക്കൾക്കും ഇത് രണ്ടുമോ രണ്ടിലൊന്നോ ഉണ്ടാവാതിരിക്കില്ല.

ഇ: അതിന്റെ നിർവചനം നീട്ടിയതെന്തിനെന്ന് നിങ്ങൾ ആദ്യം ചോദ്യം ചെയ്തു. ഇപ്പോൾ അതിലെ ''വേഷം'' ആവശ്യമാണെന്ന് നിങ്ങൾ അനുകൂലിച്ചു. ശരി ഞാൻ ചോദിക്കട്ടെ, ഞാനും നിങ്ങളും മൂന്ന് വാര തുണികൊണ്ട് ലക്ഷണമൊത്ത തലയിൽ കെട്ടുമായി സമൂഹത്തിലിറങ്ങിയാൽ നമ്മെ മുസ്ലിയാർ എന്ന് വിളിക്കുമോ?

വ: വിളിക്കില്ല. നിങ്ങൾ മുസ്ലിയാരല്ലെന്ന് അവർക്കറിയാം.

ഇ: അങ്ങനെ അറിഞ്ഞാൽ പററുമോ. നമുക്ക് പ്രായത്തിന്നനുസരിച്ച മത ബോധമുണ്ട്-എന്ന് വെച്ചാൽ അറിവുണ്ട്. അറിവിന്റെ പ്രതീകമായ തലയിൽ കെട്ടും ഉണ്ട്. പിന്നെ എന്ത് കൊണ്ട് മുസ്ലിയാർ എന്ന അഭിധാനത്തിനർഹരല്ല.

വ: അവിടെയാണ് എന്റെ തോൽവി മുസ്ലിയാരുടെ ലക്ഷണം പൂർണ്ണമായും എനിക്കറിയില്ലെന്ന് സമ്മതിക്കേണ്ടി വന്നിരിക്കുന്നു.

ഇ: നമ്മുടെ മദ്രസകളിൽ താടിയില്ലാത്ത മുഅല്ലിംകളുണ്ട്. തലയിൽ ക്കെട്ട് ഇല്ലാത്തവരുണ്ട്. വല്ലപ്പോഴൊക്കെ കെട്ടിയെന്ന് വന്നും അത്രേയുള്ളൂ. ഈ പ്രത്യക്ഷ പ്രതീകങ്ങൾ ഒന്നുമില്ലാത്തവരെ നാം മുസ്ലിയാർ എന്ന് തന്നെയാണ് വിളിക്കുന്നത്. എന്നാൽ അവരിൽ പലരും നമുക്കുള്ളത്ര ഇസ്ലാമിക അറിവ് ഉള്ളവരല്ല. അത് പ്രായംകൊണ്ടാവാം. പഠിപ്പില്ലായ്മ കൊണ്ടും

ആവാം എന്നാലും അവർ മുസ്'ലിയാർ തന്നെ. അപ്പോഠ ഒരു ലക്ഷണവും കൂടി നാം ഇപ്പോഠ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

വ: അള്ളാ, ഞാൻ കുടുങ്ങിപ്പോയോ?

ഇ; നിങ്ങളുടെ നോട്ടീസിൻെറ സംശയം തീർത്തുതരാം. നിങ്ങഠ കുടുങ്ങിയിട്ടില്ല. എന്നെ കുടുക്കാതെ വിട്ടാൽ മതിയെന്നാണ് എൻെറ അഭ്യർത്ഥന. ശരി ആ ഒരു ലക്ഷണവും കൂടി ഒളിഞ്ഞു കിടക്കുന്നത് തെളിഞ്ഞുവരട്ടെ.

വ: ദീൻ പഠിക്കുന്ന ആളാവണം. മദ്രസാ മുഅല്ലിം ദർസിലെ മുദർരീസ് – അങ്ങനെ ദീനീവിജ്ഞാനവുമായി അഖണ്ഡ ബന്ധമുണ്ടാവണം അതല്ലെ നിങ്ങളുദ്ദേശിക്കുന്ന ലക്ഷണം?

ഇ: ഏകദേശം അത് തന്നെ. ദീനീ വിജ്ഞാനവുമായി **അഖണ്ഡ** ബന്ധമുണ്ടായിരിക്കണം. അത് തൊഴിലാവണം. അത് വരുമാനമാർഗ്ഗമായി സ്വീകരിക്കണം. മുഅല്ലിം മുദർരീസ്, പള്ളിയിലെ ഇമാം, വഅളൻ (മതപ്രാസംഗികൻ) ഇവരൊക്കെ മുസ്'ലിയാരായി. ദീനിയായ അറിവ് ഉപയോഗപ്പെടുത്തി ദുൻയവീയായ കാര്യങ്ങഠ നിറവേററുന്നവർ – ഒന്നുകൂടി പച്ചയായി പറഞ്ഞാൽ അവരുടെ വരുമാനത്തിനുള്ള തൊഴിലാണ് ദീൻ. അവരുടെ തൊഴിലുപകരണമാണ് ദീൻ. ഇപ്പോഠ ആരാണ് മുസ്'ലിയാർ? പറയൂ സ്നേഹിതാ.

വ: മനസ്സിലായി – നിങ്ങളുടെ പോക്ക് വേഷം മുസ്ലിയാക്ക് പററിയത്. തൊഴിൽ ദീനു കാര്യങ്ങഠ എന്നു് പറഞ്ഞാൽ നിങ്ങഠ സമ്മതിക്കുമല്ലൊ.

ഇ: നൂറ് ശതമാനം സമ്മതിച്ചു. എൻെറ നിർവചനത്തിൽ നിങ്ങഠ എതിർത്ത ലക്ഷണമാണിത്. ഇപ്പോഠ അതും അനുപേക്ഷണീയമാണെന്ന് ബോദ്ധ്യമായല്ലോ.

വ: ഞാൻ സമ്മതിച്ചു ദീൻ ഉപയോഗിച്ചു ദുനിയാവ് കഴിയുന്നവരാണ് മുസ്'ലിയാക്കരം എന്ന് സ്ഥാപിക്കലാണല്ലൊ ലക്ഷ്യം അത് നി വേറി നിങ്ങഠ വിജയിച്ചു.

ഇ: പക്ഷെ ഒരു സംഗതി നാം വേണ്ടത്ര ഗൗനിച്ചിട്ടില്ല.

വ: എന്താണത്?

ഇ: അറിവ്, വിജ്ഞാനം, ഇൽമ് അതെത്ര കുറച്ചായാലും, തീരെ ഇല്ലെങ്കിലും, ഒരു സാധാരണക്കാരൻെറ ഏററവും ചുരുങ്ങിയ അറിവ് മാത്രമുള്ള എന്നിരുന്നാലും വേഷവും തൊഴിലും ഒത്താൽ മുസ്ലിയാരായി. മനസ്സിലായോ സഹോദരാ മുസ്‌ലിയാരാറ ാൻ ഇൽമ് വേണ്ടെന്ന്.

വ. അത് കുറേ കടന്ന്പോയി. നിങ്ങൾ വേഷം കെട്ടി മദ്രസയിൽ കടന്നു കൂടുക. ആരെങ്കിലും നിങ്ങളെ മുസ്ലിയാരെന്ന് വിളിക്കുമോ?

ഇ: വിളിക്കില്ല, കാരണം മററുവിധത്തിൽ വിളിച്ച് ശീലിച്ചുപോയി. തന്മൂലം നമ്മൾ രണ്ടാളും നാടൻ കാക്കാന്മാർ അത്യാവശ്യം ദീനീ വിജ്ഞാനമുണ്ടായിട്ടും. ഇനി ഒരു തന്ത്രം പറയട്ടെ നിങ്ങൾ തലയിൽ കെട്ടുമായി നാടുവിടുക. നിങ്ങളെ അറിയുന്നവർ ആരുമില്ലാത്ത ഒരന്യ നാട്ടിൽ ചെന്ന് പള്ളിയിൽ കൂടുക. താടിയില്ലെങ്കിലും സാരമില്ല. തലയിൽ ക്കെട്ട് നിങ്ങളെ മുസ്ലിയാരാക്കും. അങ്ങനെ നിങ്ങൾ മുസ്‌ലിയാരാകും. അത്യാവശ്യം സാമാന്യ ജ്ഞാനം നിങ്ങൾക്കുണ്ടെങ്കിൽ മുഅല്ലിമാവാം, പള്ളിയിൽ മുക്രിയാവാം, ഇമാമാവാം വേണമെങ്കിൽ ഖതീബും കൂടിയാവാം. ഖുതുബ നിർവഹിക്കാൻ കഴിയണം അത്രേയുള്ള.

വ: നിങ്ങൾ പറയുന്നത് വളരെ ശരിയാണ്.

ഇ: നമ്മുടെ നാട്ടിൽ വന്നുകൂടുന്ന വിദേശി മുസ്ലിയാക്കളെ കുറിച്ച് നിങ്ങളെന്ത് പറയുന്നു? പ്രത്യേകിച്ച ചെറുപ്പക്കാർ എന്തെങ്കിലും പഠിച്ച വിജ്ഞാനം സമ്പാദിക്കാനുള്ള പ്രായം ആയിട്ടില്ലാ. മദ്രസയിൽ അല്ലെങ്കിൽ പള്ളിദർസിൽ കുറച്ചൊക്കെ എന്തെങ്കിലും പഠിച്ചുകാണും. പിന്നെ ജീവിത പ്രശ്നവുമായി നേരിടുന്നു. തൊഴിൽ പ്രശ്നം—മുസ്‌ലിയാർ വേഷത്തിൽ നാടുവിടുന്നു. വല്ല മദ്രസയിലും മുഅല്ലിമായി കയറിപ്പററുന്നു. ഇതാണ് നടക്കുന്നത്. ശരിക്ക് വർഷങ്ങളോളം ഓതിപഠിച്ച് പണ്ഡിതരായിത്തീർന്ന എത്രയോ ആലിമീങ്ങളുണ്ട് അനിഷേദ്ധ്യമായ ആഴമുള്ള

പാണ്ഡിത്യത്തിൻെറ ഉടമകളായ അത്തരം മഹാന്മാരെ തരംതിരിച്ച വേറെ കാണണം. നാം ഈ പറഞ്ഞതിലൊന്നും അവർ പെട്ടുകയില്ല

വ: അത്തരം പണ്ഡിതന്മാരെ ബഹുമാനപൂർവ്വം മാററി നിർത്തിയതിൽ സന്തോഷം.

ഇ: നിങ്ങഠം എന്നെ തെററിധരിച്ചിട്ടുണ്ട്. ശരിയായ പാണ്ഡിത്യം എപ്പോഴും ബഹുമാനമർഹിക്കുന്നു. സത്യദീൻ നിലനില്ലണമെന്ന ആത്മാർത്ഥതയോട്ടകൂടി സമൂഹത്തിൽ സേവനം ചെയ്യുന്നവരാണ് അവർ. പക്ഷെ ചുരുക്കംപേർ മാത്രം ബഹുഭൂരിപക്ഷവും ലക്ഷ്യം തെററിയാണ് വിജ്ഞാനം ഉപയോഗപ്പെടുത്തുന്നത്. തൗഹീദിൻെറ സ്ഥാപനമല്ല ഉന്നം മറെറന്തൊക്കെയാണ്. ശരി അതിവിടെ വിട്ടേക്കാം. അത് പറയാൻ തുടങ്ങിയാൽ എനിക്ക് നിങ്ങളോട്ട ചോദിക്കാനുള്ളത് മറന്നുപോകും.

വ: എന്താ ചോദിക്കാനുള്ളത്?

ഇ: നിങ്ങഠംക്ക് ചോദിക്കാനുള്ളത് കഴിഞ്ഞോ? അതിൻെറ ബാക്കിതന്നെ.

വ: എനിക്ക് ചോദിക്കാനുള്ളത് കഴിഞ്ഞു.

ഇ: ചോദ്യത്തിനുത്തരം കിട്ടിയോ? കിട്ടിയ ഉത്തരംകൊണ്ട തൃപ്തിയായോ?

വ: തൃപ്തിയായ ഉത്തരം കിട്ടിയെന്ന് സമ്മതിക്കുന്നു.

ഇ: എന്നി എൻെറ ഊഴം ഞാൻ ചോദിക്കട്ടെ. നിങ്ങഠം എന്നോട്ട ചോദിച്ചചോദ്യം ഞാനെൻെറ തൊഴിലും നോക്കിയിരുന്നാൽ മതി, നോട്ടീസടിച്ചിറക്കാൻ വേറെ ആളുണ്ട് അവർ നോക്കിക്കൊള്ളും എന്ന്കരുതിയിരുന്നാൽ പോരെ എന്നാണ്. ഞാൻ നിങ്ങളോട്ട് ചോദിക്കുന്നു. നിങ്ങഠംക്ക് നിങ്ങളുടെ ജോലി നോക്കിനടന്നാൽ പോരേ? ഞാൻ നോട്ടീസടിക്കുന്നതും എനിക്ക് താത്പര്യമുള്ള കാര്യങ്ങഠം ചെയ്യുന്നതും നിങ്ങളെന്തിന് നോക്കിനടക്കുന്നു?

വ: ചോദ്യം ശരിയാണ്.

ഇ: അങ്ങനെപ്പറഞ്ഞാൽപ്പോരാ. കാരണം പറയണം. എന്റെ നോട്ടീസിറക്കൽ നിങ്ങൾക്കിഷ്ടമായിട്ടില്ല എന്ന കാര്യം തീർച്ച. അതിഷ്ടപ്പെടാതിരിക്കാൻ കാരണം. എന്റെ അഭിപ്രായത്തിൽ നിങ്ങൾ സന്തോഷിക്കേണ്ടിയിരുന്നു.

വ: നമ്മൾ സ്നേഹിതന്മാരല്ലേ? നിങ്ങളെന്തിന് ഒരു ഊരാക്കുടുക്കിൽപ്പെടുന്നു? അതെനിക്കിഷ്ടമായില്ല.

ഇ: സ്നേഹം സൽക്കർമ്മത്തിന് വിലങ്ങുനിൽക്കുകയില്ല. വാദകോലാഹലം, തർക്കം, അതൊന്നും ഇസ്ലാമീകകാര്യത്തിൽ പ്രശ്നമല്ല സത്യം തുറന്നുപറയുക. ഫലമെന്തായാലും, അവനവന്റെ സുഖസന്തോഷ സമാധാന സൽപ്പേരുകൾ എന്നെ സംബന്ധിച്ചേടത്തോളം പ്രശ്നമല്ല. കാരണം അതൊന്നും നിന്റെ ലക്ഷ്യമല്ല. എന്റെ ലക്ഷ്യം എന്റെ ചുമതല നിറവേററി എന്ന ആത്മസംതൃപ്തി.

വ: എനിക്ക് സന്തോഷം (ഇതു് കേട്ടതിൽ)

ഇ: സന്തോഷക്കേടുണ്ടാകട്ടെ. നിങ്ങളെതിക്കാനുള്ള കാരണം പറയാം നിങ്ങൾക്ക് കഴിയാത്ത ഒരു കാര്യം എനിക്ക് കഴിഞ്ഞതിൽ നിങ്ങൾക്ക് എന്നോടു തോന്നിയ അസൂയ. എന്ത് പറയുന്നു?

വ; അല്ലാ ഒരിക്കലുമല്ല. അങ്ങനെയെങ്കിൽ എത്ര ആളുകളോട് എന്തെല്ലാം കാര്യത്തിന് വേണ്ടി ഞാൻ അസൂയപ്പെടണം. ഒരിക്കലും അത് ശരിയല്ല.

ഇ എന്നാൽ മറെറാരു കാരണം ചൂണ്ടിക്കാണിക്കാം. പാർട്ടിസ്പിരിററ്-നിങ്ങളുടെ പാർട്ടിയിലെ മുസ്ലിയാർ പറഞ്ഞ കാര്യങ്ങളെ ഖണ്ഡിച്ചത് നിങ്ങൾക്ക് ഇഷ്ടമായില്ല. ശരിയും തെററുമല്ല പ്രശ്നം. എന്റെ നോട്ടീസിൽ ഏതെങ്കിലും ഒരു തെററുണ്ടെന്ന് നിങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നെങ്കിൽ എനിക്ക് കൂടുതൽ സന്തോഷമാകുമായിരുന്നു. അങ്ങിനെയൊന്നും നിങ്ങൾ കണ്ടെത്തിയില്ല. നിങ്ങൾക്ക് ആ വഴിയിൽ ആക്ഷേപവുമില്ല. പിന്നെ മുസ്ലിയാക്കു് വായടപ്പൻ മറുപടി കൊടുത്തു. മുസ്ലിയാരുടെ ''ക്ഷീണ''ങ്ങൾ ഞാൻ പുറത്ത്കൊണ്ടുവന്നു. പാർട്ടിക്ക് പരുക്കേററു. അതാണ് നിങ്ങളുടെ കേസ്.

അനുഭവം 2

നല്ലത് നടത്താൻ നാട്ടുകാരെ പേടി

തലനോമ്പ്-ഞാൻ നടത്തം നേരത്തേ കഴിച്ചുകൂട്ടി, പള്ളിയിൽ കടന്നുകൂടി. ധാരാളം ആളുകൾ കൂടിയിട്ടുണ്ട് പള്ളിയിൽ. ഒന്നിച്ചിരുന്നു നോമ്പ് തുറക്കുന്നത് എല്ലാവർക്കും ഹരം പകരുന്ന സംഗതിയാണ്. ഈ പള്ളിയിൽ പല സന്ധ്യകളിലും ഞാൻ ഹാജരായിട്ടുണ്ട്. എന്നാൽ ഇത്ര ആളുകൾ കൂടാറില്ല. ആദ്യം കുറച്ചുദിവസം ഇങ്ങനെയുണ്ടാകും. ഇവിടെയെന്നല്ല എല്ലാ പള്ളികളിലും ഇതായിരിക്കും ഗതി.

പള്ളിയിൽ പല ഭാഗങ്ങളിലായി നാലും അഞ്ചും പേർ കൂട്ടം കൂടിയിരിക്കുന്നു. ചിലർ ഒററപ്പെട്ടു ഏകാഗ്രതയിൽ കഴിയുന്നു. രണ്ടു മൂന്നു വയോവൃദ്ധന്മാർ തസ്ബീഹമായി അകത്ത് പള്ളിയിൽ ദിക്റും ചൊല്ലിയിരിപ്പുണ്ട്.

ഞാൻ പതിവ്പോലെ ഒരു മൂലയിൽ ഒതുങ്ങി ചെവിയോർത്തിരിക്കുകയാണ്. അതാ എനിക്കുള്ള വിഭവം ഒരുങ്ങുന്നു. ഞാൻ ജാഗ്രതയോടെ തയ്യാററായി.

ഒരു നരച്ച തലയുള്ള വൃദ്ധൻ നാലഞ്ചുപേരെ വിളിച്ചരികത്തിരുത്തി ഇങ്ങനെ തുടങ്ങി.

''ഞാൻ ഒരു കാര്യം ആലോചിച്ചുകൊണ്ടിരിക്കയൊണ്. നിങ്ങളുടെ അഭിപ്രായം അറിഞ്ഞിട്ടു അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണം.''

വിഷയം അറിയാൻ എല്ലാവരും ഉൽക്കണ്ഠാപൂർവ്വം ഉത്സുകരായി, ''എന്താ വിഷയം തുടങ്ങ്ടാ?'' എന്നൊരാരാൾ.

വൃദ്ധൻ: നാട്ടുവർത്തമാനമല്ല, മതപരമായി പ്രാധാന്യമുള്ള വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നതെന്ന് നിങ്ങൾ ഊഹിച്ചുകാണും.

കൂട്ടത്തിലുള്ള മെലിഞ്ഞ മനുഷ്യൻ നിങ്ങൾ ഞങ്ങളെപ്പോലെ അതുംഇതും പറയുന്ന ആളല്ല എന്ന് ഞങ്ങൾക്കറിയാം. എന്തെങ്കിലും പുതിയ പ്രശ്നത്തിൽ ചെന്നു ചാടിയിട്ടുണ്ടാവും അതാണല്ലൊ പതിവ്

ഒരു തടിയൻ യുവാവ്: മൂപ്പര് അവതരിപ്പിക്കുന്ന പുതുമകളെല്ലാം ഞങ്ങൾക്ക് രസമാണ്. കാരണം അതിൽ ഗൗരവപ്പെട്ട കാര്യങ്ങൾ അടങ്ങിയിട്ടുണ്ടാവും. നമുക്കെല്ലാവർക്കും ഞെട്ടൽ അനുഭവപ്പെടുന്ന എന്തെങ്കിലുമായിരിക്കും ഇപ്പോൾ പുറത്ത്ചാടുക.

വൃ: ഞെട്ടലൊന്നും ഉണ്ടാവേണ്ട. വെറും സാധാരണകാര്യം പക്ഷെ ആരും അത്ര ചിന്തിച്ചുകാണുകയില്ല നിശ്ചയമായും എല്ലാവരുടേയും ശ്രദ്ധയിൽപ്പെടുന്നതും ബുദ്ധി ചെലുത്താത്തത്കൊണ്ടു അവഗണിക്കപ്പെടുന്നതുമായ ഒരു സംഗതിയാണ് പറയാൻ പോകുന്നത്.

തടിയൻ; ഞങ്ങളുടെ ക്ഷമ പരിശോധിക്കല്ലേ. വേഗം പൂച്ച പുറത്തുവരട്ടെ.

വൃ: അങ്ങനെ വേഗം പൂച്ചയെ അഴിച്ചുവിടുകയില്ല നിങ്ങൾ തല്ലിക്കൊല്ലും. ജീവികളോട് ദയകാണിക്കണമെന്ന തത്വം ആദ്യം നാം ഉൾക്കൊള്ളണം അതിന് തയ്യാറാവണം.

ത; അതെ, തെയ്യാർ

വൃ; ചില പൊതു തത്വങ്ങൾ നാം ആദ്യം പഠിച്ചു ഉറപ്പിച്ചു തയ്യാറെടുത്ത ശേഷമേ, നമുക്ക് പൂച്ചയെ കൈകാര്യം ചെയ്യാൻ പാററു. അല്ലെങ്കിൽ പൂച്ചയെ തല്ലിയോടിച്ചുകളയും. അത് എനിക്ക് ഭയമാണ്.

ത; നിങ്ങളുടെ പരിപാടിപോലെ തുടങ്ങുന്നതിന് സമ്മതിച്ചു.

വ്യ: ആദ്യമായി ഒരു ചോദ്യം. ഇസ്ലാമതനിബന്ധകളനുസരിച്ച് പല അനുഷ്ഠാനങ്ങളും നാം നിർവ്വഹിക്കുന്നുണ്ട്. അവ നാം ചെയ്യുന്നതെങ്ങനെ ആയിരിക്കണം.?

ത: എങ്ങനെയാണ് ചെയ്യേണ്ടതെന്ന മതനിബന്ധനകൾ പഠിച്ചു അതുപോലെ ചെയ്യണം.

മെലിഞ്ഞമനുഷ്യൻ: അത് പഠിക്കാൻ കഴിയാത്ത ആളോ?

ത: മററുള്ളവർ ചെയ്യുന്നത് നോക്കിക്കണ്ടുപഠിച്ചു അപ്രകാരം ചെയ്യണം. അയാൾ പഠിച്ച ആളായിരിക്കണം എന്നു് മാത്രം.

വ്യ; നമ്മുടെ ഇസ്ലാം ഇന്നത്തെരീതിയിൽ അവതരിപ്പിച്ചിട്ട പതിന്നാലു നൂററാണ്ടുകഴിഞ്ഞു. പണ്ട പഠിച്ചപല കാര്യങ്ങളും കാലക്രമേണ കോലക്കേടായിട്ടുണ്ട്. പണ്ടില്ലാത്ത പലതും ഇടവേളയിൽ മുളച്ചുണ്ടായി ''തറവാടി''യെപ്പോലെ വിലസുന്നുണ്ട്. അതായത് ഇന്നു് ഒരാളുടെ ചെയ്തികണ്ടുപഠിക്കുന്നത് സൂക്ഷിച്ചുവേണം. റസൂലിൻെറ കാലത്തുണ്ടായിരുന്ന അതേ രൂപത്തിലാണ് ഇന്നു് എല്ലാ അനുഷ്ഠാനങ്ങളും. എന്നു് പറഞ്ഞുകൂടാ.

ത; അതൊരു പ്രശ്നമാണ്. ബിദ്അത്തും മുബ്തദ്ഈങ്ങളും എന്നൊക്കെ ഇപ്പോൾ കുറേ അധികം കേൾക്കുന്നുണ്ട്.

മെ. മ; ബിദ്അത്തും അല്ലാത്തതും തിരിച്ചറിയാത്ത ഇക്കാലത്ത് എന്തു് വേണം?

വ്യ: എല്ലാത്തിൻേറയും ആദിമരൂപം എങ്ങനെയായിരുന്നവെന്നു് ഫുഖഹാക്കൾ എന്ന പണ്ഡിതന്മാർ എഴുതിവെച്ചിട്ടുണ്ട് ആ രേഖകൾ മാത്രമാണ് നമുക്ക് ഇന്നു് ആശ്രയം. ആ ഗ്രന്ഥങ്ങളിൽ നിന്നു് നാം എല്ലാം പഠിക്കണം. അതല്ലേ വേണ്ടതു്?

ത: അതിന് സംശയമില്ല. പഴമക്കാർ ചെയ്തതും ഗ്രന്ഥത്തിൽ വർണ്ണിച്ചിട്ടുള്ളതും ഒന്നു്; ഇന്നു് ചെയ്തുവരുന്നത് മറെറാന്നു്. അങ്ങനെ പലതുംഉണ്ട്. കൂടാതെ റസൂലും സഹാബത്തും ചെയ്തിട്ടില്ലാത്ത അനേകം ബിദ്അത്തുകളും നിലവിലുണ്ട്. ആകയാൽ അന്വേഷണങ്ങൾ ഏതെല്ലാമെന്നും ഗ്രന്ഥങ്ങൾ നോക്കിപഠിച്ചു ചെയ്യണം.

വ്യ: വളരെ ശരിയാണ് ഈ പറഞ്ഞത്. മററുള്ളവർ ചെയ്യുന്നു എന്നത്കൊണ്ടു ഒരു കാര്യം ശരിയാവണമെന്നില്ല. അക്കാരണ

ത്താൽത്തന്നെ മററുള്ളവരെപ്പോലെ നാമും ചെയ്യാൻ ബാദ്ധ്യസ്ഥരാണ് എന്ന് പറയുന്നതും ശരിയല്ല. എന്ത് പറയുന്നു?

ത; അത് വളരെ വ്യക്തമാണ്. സംശയമില്ലാ. ഞങ്ങൾ ശരിവെക്കുന്നു.

മെ. മ; മററുള്ളവർ ചെയ്യുന്നത് കണ്ട് പഠിക്കരുതെന്ന് പറയുന്നതെന്തുകൊണ്ടാണ്? ഒരു കാര്യം തെററാണെങ്കിൽ എല്ലാവരും അത് ചെയ്യുമോ? കുറെ അധികം ആളുകൾ ആചരിക്കുന്ന ഐകമത്യമുള്ള കാര്യങ്ങൾ തെററാണെന്ന് പറയാമോ?

വ്യ: എന്താ പറയുന്നതിൽ വിരോധം? തലമുറതലമുറയായി എന്തെല്ലാം തെററുകൾ നാം ചെയ്തുവരുന്നുണ്ട്? ബിദ്അത്ത് എന്നതിന്റെ വളർച്ച എങ്ങിനെയാണ്? ഒരാൾ ഒന്നുചെയ്യും. അത് കണ്ട മററുള്ളവരും ചെയ്യും. ശരിയോ തെറേറാ എന്ന് പരിശോധിക്കയില്ല. അങ്ങനെ വളരെ അധികം ആളുകൾ ഒരേ ക്രമത്തിൽ തെററുകൾ ചെയ്യുന്നു. തലമുറതലമുറയായി ഇതു് തുടരുന്നു. നാമും അതു് കണ്ട, അതേപോലെ ചെയ്യാൻ തുടങ്ങിയാൽ ബിദ്അത്ത് നിലനില്ക്കും നാശം ഭവിക്കയില്ല. ഓരോന്നും നാം പരിശോധിച്ച ശരിയും തെററും മനസ്സിലാക്കി അവ വജ്ജിക്കേണ്ടതാണ്. എന്നാൽ ഈ വസ്തു അപ്രത്യക്ഷമാകും. ഈ തത്വം എല്ലാവരും അംഗീകരിച്ചോ?

മെ. മ; ആ തത്വം ഒന്നുകൂടിപറയൂ.

വ്യ: മററുള്ളവർ ചെയ്യുന്നത് നമുക്ക് പ്രമാണമല്ല അനുകരണം ശരിയല്ല. ഓരോ കാര്യവും എങ്ങനെ ചെയ്യണമെന്ന് ആധാരിക സ്ഥാനത്ത്നിന്ന് മനസ്സിലാക്കി അതു്പോലെ ചെയ്യണം.

മെ. മ സമ്മതിച്ചു. എന്റെ പടച്ചോനെ എവിടേക്കാണാവോ നമ്മെ ആട്ടിക്കൊണ്ടുപോകുന്നത്?

ത: നിങ്ങൾ തന്നെയല്ലേ നേരത്തേ സർട്ടിഫിക്കേററ് കൊടുത്തത്. ഗൗരവമുള്ള വിഷയങ്ങളേ പറയൂ എന്ന്? പിന്നെന്തിന് ഭയപ്പെടുന്നു?

വ്യ: ശരി, ഇനി പൂച്ചയെ പുറത്തെടുക്കാം. ഇന്ന് തലനോമ്പാണ്. നോമ്പ് തുറക്കാൻ സമയം കാത്തിരിക്കുകയാണ് നാമെല്ലാവരും. എപ്പോഴാണ് നോമ്പ്തുറക്കുക?

മെ. മ: അതെല്ലാവക്കും അറിയാമല്ലോ? അതൊരു പ്രശ്നമാണൊ

വ്യ: അത് പറയാം. ചോദ്യത്തിന് ഉത്തരം ആദ്യം കിട്ടണം.

ത: സന്ധ്യക്ക് അസ്തമനശേഷം.

മെ. മ: മഗ്രിബ് ബാങ്ക് കേറംക്കമ്പോറം.

വ്യ: ഇത് രണ്ടും ശരി. രണ്ടും ഒന്ന്തന്നെ. സൂര്യാസ്തമനം കഴിഞ്ഞാൽ പകൽ തീൻ. രാത്രി ആരംഭിച്ചു. മഗ്രിബ് ബാങ്കുമായി രണ്ടും ഒന്നിച്ചു സംഭവിക്കുന്നു. അല്ലെ? അല്ലെങ്കിൽ നാമങ്ങനെ കരുതുന്നു. അല്ലേ?

മെ. മ: എന്താ അങ്ങനെ കരുതുന്നഎന്ന് പറയുന്നത്? അങ്ങനെയല്ലേ യഥാത്ഥത്തിൽ സംഭവിക്കുന്നത്?

വ്യ: അല്ലായെന്ന് ഞാൻ പറഞ്ഞാൽ നിങ്ങറം സമ്മതിക്കുമോ?

മെ. മ; എല്ലാ പള്ളികളിലും ഒരേസമയത്താണ് ബാങ്കും കൊടുക്കുന്നത്. അത് അസ്തമയസമയത്താണ്. അത് ശരിയുമാണ്.

വ്യ: ഞാൻ പറയുന്നു. അസ്തമനസമയത്തല്ല ബാങ്ക് കൊടുക്കുന്നതെന്ന്.

മെ. മ: എന്നാൽ എങ്ങനെയാണ് എല്ലാ പള്ളികളിലും ബാങ്ക്കൊടുക്കുന്നത് ഒരേസമയത്താകുന്നത്?

വ്യ; അവർ ബാങ്ക് കൊടുക്കുന്നത് അസ്തമാനം കണ്ടിട്ടാണോ?

മെ മ അല്ല അതിൻെറ ആവശ്യമില്ല. കാരണം ഓരോ ദിവസവും അസ്തമനസമയം കലണ്ടറിൽ കാണിച്ചിട്ടുണ്ട് മഗ്രിബ് സമയം-അസ്തമനസമയം—അതിലുള്ളതനുസരിച്ച് എല്ലാ പള്ളികളിലും ബാങ്ക്കൊടുക്കുന്നു.

വ്യ; ഇപ്പോൾ ഒരു കാര്യം നിങ്ങൾ വ്യക്തമാക്കി. കലണ്ടറിൽ കാണിച്ചതനുസരിച്ച് നാം കാര്യം നടത്തുന്നു. അതായത് കലണ്ടർ സമയം ശരിയാണെന്ന് നാം വിശ്വസിക്കുന്നു. അസ്തമാനം കാണേണ്ട ആവശ്യമില്ല. എല്ലാ പള്ളികളിലും ഒരേ കലണ്ടർതന്നെ ഉപയോഗിക്കയാണെങ്കിൽ ഒട്ടും അന്തരം ഉണ്ടാകുന്നതല്ല.

ത: കലണ്ടറിൽ പല സമയമുണ്ടല്ലൊ. എല്ലാ കലണ്ടറിലും ഉദയാസ്തമയ സമയങ്ങൾ ഒരുപോലെയല്ല. അപ്പോൾ ഈ പറഞ്ഞതെങ്ങനെ ശരിയാകും?

വ്യ; ഇപ്പോൾ പൂച്ചമാന്താൻ തുടങ്ങും. ശ്രദ്ധിച്ചോളു. എന്റെ പ്രശ്നം അവിടെയാണ്. (മെലിഞ്ഞ മനുഷ്യനോട്) പല കലണ്ടറിലും സമയം പല വിധത്തിലാണ് എന്ന് പറഞ്ഞത് നിങ്ങളുടെ അനുഭവത്തിൽപ്പെട്ടിട്ടുണ്ടോ

മെ. മ: ഞാനത് അത്ര ശ്രദ്ധിച്ചിട്ടില്ല. ഞങ്ങളൊക്കെ ഒരു പ്ലോക്കിന്റെ ആളുകളല്ലെ: പഠിപ്പും, എഴുത്തും, കണക്കും ഞങ്ങൾക്കില്ല.

വ്യ: ഇരിക്കട്ടെ, പല കലണ്ടറും പല വിധത്തിലാണ് സമയം കൊടുക്കുന്നത് എന്ന് നിങ്ങൾ സമ്മതിക്കുമോ?

മെ മ: അതാണ് യഥാർത്ഥമെങ്കിൽ നിങ്ങൾ അങ്ങനെ പറകയാണെങ്കിൽ ഞാൻ സമ്മതിക്കാൻ തയ്യാർ.

വ്യ; (തടിയനെ ചൂണ്ടി). ഇപ്പോൾ പറഞ്ഞത് ശരിയാണ്. നിങ്ങളെല്ലാവരും അത് സമ്മതിക്കുമല്ലൊ. ആക്കെങ്കിലും....

ഒരാൾ; ആർക്കും സംശയമില്ല. സമ്മതിച്ചു.

വ്യ; അടുത്ത ചോദ്യം. കലണ്ടറിൽ ഈ മാററങ്ങൾക്കുള്ള കാരണമെന്താണ്? ആർക്കെങ്കിലും പറയാൻ കഴിയുമോ?

ത; അതാർക്കാണ് അറിഞ്ഞുകൂടാത്തത്. ഇവിടെ ഇപ്പോൾ പകൽ മററു ചിലേടത്ത് രാത്രി. ഇവിടെ അസ്തമിക്കാറായി ചിലേടത്ത് ഉദിക്കാറായി. എല്ലായിടത്തും ഒരേസമയത്തല്ല ഉദയാസ്ത

മനങ്ങരം. അപ്പോരം പല സ്ഥലങ്ങളിൽ-പല കലണ്ടറുകളിൽ പല വിധത്തിൽ-അത്രതന്നെ.

വ്യ; (മെലിഞ്ഞ മനുഷ്യനോട്). പറഞ്ഞത് മനസ്സിലായോ? പലസ്ഥലത്തും പലസമയത്താണ് അസ്തമാനം. അത് കൊണ്ടാണ് കലണ്ടറുകളിൽ സമയവൈവിധ്യം കാണുന്നത് എന്ന്. ശരിയാണോ?

മെ. മ: അങ്ങനെ കേട്ടിട്ടുണ്ട്. ശരിയായിരിക്കണം. ഞാൻ സ്കൂളും കോളേജും കണ്ടിട്ടേഉള്ളു.

വ്യ: അത് ശരിയാണ്. സംശയമില്ല. നമ്മുടെ രാജ്യത്ത് ഇന്ന് എത്ര മണിക്കാണ് അസ്തമനം? അതെങ്ങനെ അറിയും?

മെ. മ. കലണ്ടർ നോക്കിയാൽ അറിയാം

വ്യ: ഈ രാജ്യത്തെ ഉദയാസ്തമനം കാണിക്കുന്ന കലണ്ടറാണോ ഇത്?

മെ. മ: അതറിയില്ല. ഇതിലെ സമയം അനുസരിച്ചാണല്ലോ നമ്മുടെ നീക്കം.

വ്യ: ആ നീക്കം ശരിയാകുമോ? ഏതോ രാജ്യത്തെ അസ്തമനമായിരിക്കും ഇതിൽ കാണിച്ചിരിക്കുന്നത്. അത് നമ്മുടെ രാജ്യത്തേക്ക് എങ്ങനെ ബാധകമാകും?

മെ. മ: പിന്നെ കലണ്ടറിൻെറ ഉപയോഗമെന്ത്?

വ്യ: ഏത് നാടിനെ അടിസ്ഥാനമാക്കി കാലഗണന നടത്തിയിട്ടുണ്ടോ ആ നാട്ടിലേക്ക് ആ കലണ്ടർ ഉപയോഗപ്പെടും. തിരുവനന്തപുരത്തെ സമയം കാണിക്കുന്ന കലണ്ടർ മംഗലാപുരത്ത് കൊണ്ടുവെച്ചാൽ അസർ അവസാനിക്കുന്നതിന്മുമ്പ് മഗ്രിബ് ബാങ്ക് കൊടുക്കേണ്ടി വരും. മംഗലാപുരത്തേക്കുള്ള കലണ്ടർ തിരുവനന്തപുരത്ത് കൊണ്ടുവെച്ചാൽ നല്ലവണ്ണം ഇരുട്ടിയാലേ മഗ്രിബാകു. ഈ രണ്ടു രാജ്യങ്ങരംക്കിടയിലുള്ള കാസർകോട്, കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പൊന്നാനി, ആലപ്പുഴ, കൊല്ലം എന്നീ രാജ്യ

ങ്ങളിലെ ഉദയാസ്തമനങ്ങൾ പരിശോധിച്ചാൽ മിനിട്ടുകളുടെ വിത്യാസം കാണും. ഈ എല്ലാ രാജ്യത്തുമുള്ള പള്ളികളിൽ ഒരേ കലണ്ടർതന്നെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നൊന്നാലോചിക്കൂ. നമുക്ക് ഇവിടെ ഒരു കലണ്ടർ കിട്ടിയിട്ടുണ്ട്. അത് പള്ളിയിൽ തൂക്കിയിട്ടിട്ടുണ്ട്. അതിൽ പറഞ്ഞ സമയത്ത് മഗ്രിബ് ബാങ്ക് കൊടുക്കുന്നു. ഏത് രാജ്യത്തെ സമയമാണതെന്ന് നാം ആരെങ്കിലും ചിന്തിക്കാറുണ്ടോ? ഇല്ല. മഗ്രിബിനാണോ മഗ്രിബ് ബാങ്ക് കൊടുക്കുന്നത്?

ത: ഈ കലണ്ടർ ഈ രാജ്യത്തിനു വേണ്ടി ഉണ്ടാക്കിയതല്ലെങ്കിൽ ഈ സമയം നമുക്ക് അനുയോജ്യമല്ല. അതിനാൽ നമ്മുടെ മഗ്രിബ് സമയം ഈ കലണ്ടർ കാണിക്കുന്നില്ല. ഈ കലണ്ടർ കാണിക്കുന്ന മഗ്രിബ് സമയം നമ്മുടേതല്ല. അത് നമ്മുടെതാണെന്ന്കരുതി നാം കൊടുക്കുന്ന മഗ്രിബ് ബാങ്ക് കൃത്യ സമയത്ത് കൊടുക്കുന്നതായി അംഗീകരിക്കാൻ പററുകയില്ല. ഈ ബാങ്ക് കേട്ടു നോമ്പ്തുറന്നാൽ, ആ തുറയും കൃത്യസമയത്തെ തുറയാവുകയില്ല

മെ. മ; എല്ലായിടത്തും ഇങ്ങിനെയല്ലേ?

ത: നിങ്ങൾ എല്ലായിടത്തെ കാര്യം പറഞ്ഞു രക്ഷപ്പെടല്ലേ? എല്ലായിടത്തുമുള്ളതു് നമുക്ക് പ്രമാണമല്ലെന്നു് പുരത്തേ സ്ഥാപിച്ചു, ഉറപ്പിച്ചു, നാം സമ്മതിച്ചു. ഇനി അത് ചൂണ്ടിക്കാണിക്കരുത്.

മെ മ ഈ കാലം വരേയും, എല്ലായിടത്തും ചെയ്തുവന്ന, എല്ലാവരും സ്വീകരിച്ചുപോന്ന, ഒരു നടപടി തെററാണെന്നു് നിങ്ങൾ സ്ഥാപിക്കുന്നതെങ്ങനെ?

ത: സത്യത്തിൻെറ അടിസ്ഥാനത്തിൽ നമ്മുടെ കൂട്ടായ പരിശോധനയിൽ ആ നടപടി തെററാണെന്നു് തെളിഞ്ഞു. നിങ്ങളെവിടേക്ക് പോകുന്നു? തെററ് തെററെന്നു് സമ്മതിക്കണം. അറിവും ആലോചനയും കൂടാതെ കുറെ അധികം ജനങ്ങൾ ഒരു തെററ് കുറേക്കാലം ചെയ്തുപോന്നു എന്ന കാരണത്താൽ ആ തെററ് ഒരിക്കലും തെററല്ലാതാവുകയില്ല. തെററിൻെറ പഴക്കവും ആ തെററു ചെയ്യുന്നവരുടെ ആധിക്യവും അതിനെ ശരിയാക്കുന്നില്ല. ഈ നടപടി തെററെന്നു് കേട്ടപ്പോൾ നിങ്ങൾക്ക് മാത്രമല്ല ഞങ്ങൾക്കും നെഞ്ചി

ടിപ്പ് തോന്നിത്തുടങ്ങിയിരിക്കുന്നു. സിദ്ധാന്തങ്ങൾ ശരിയെന്നു കണ്ടാൽ നിശ്ശബ്ദമായി നിരുപാധികമായി സമ്മതിക്കണം. അതാണ് ബുദ്ധി. അത്കൊണ്ട ഒരു കുയുക്തിയും ദുസ്തർക്കവും പറയാതെ ഈ ചിന്ത തുടർന്നുപോകണം. നാം എവിടെ എത്തുമെന്ന് നോക്കാം. ഈ തെററിൽനിന്നും മോചനമാർഗ്ഗം ഉണ്ടോ എന്ന് പരിശോധിക്കുകയുമാവാം.

വ്യ: അപ്പോൾ ഈ കലണ്ടർ നമ്മുടെ മഗ്രിബ് കാണിക്കുന്നില്ലെന്ന് എല്ലാവരും സമ്മതിച്ചുവല്ലോ? ഇനി ആർക്കെങ്കിലും....

ത: ഇല്ല, ഇല്ല, ആക്ഷേം തർക്കമില്ല തടസ്സമില്ല. മൗനം സമ്മതമാണല്ലോ.

വ്യ: അടുത്തതായി നമുക്ക് ചിന്തിക്കാനുള്ളത്, ശരിയായ അസ്തമനസമയം നാം എങ്ങനെ കണ്ടുപിടിക്കും എന്നതാണ്.

ത: കടപ്പുറത്ത് പോയി നോക്കണം ഒന്നര നാഴികയല്ലെ ഉള്ളു.

വ്യ കരക്ററ്. അതാണ് ശരി. കടലോരത്ത് പോയി അസ്തമാനം പൂർണ്ണമാകുന്ന സമയം-സൂര്യബിംബത്തിൻെറ മേൽ ക്കര ജലനിരപ്പിൽ പൂർണ്ണമായും അപ്രത്യക്ഷമാകുന്ന സമയം-അറിയുക് അതാണ് മഗ്രിബ് ബാങ്കിൻെറ സമയം എന്ന് നമുക്ക് ഉറപ്പായല്ലോ. എനി ആന കുത്തിയാലും ഇളകരുത്. ആ സമയവും കലണ്ടർ സമയവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിവെക്കുക. ഈ വ്യത്യാസം എല്ലാ മാസങ്ങളിലും ബാധകമാക്കുക. വേണമെങ്കിൽ ഇടക്കിടെ കടലോരത്ത് പോയി അസ്തമനം നോക്കി ഈ വ്യത്യാസത്തിൽ വല്ല വ്യത്യാസവുമുണ്ടോ എന്ന് പരിശോധിക്കുന്നത് നല്ലതാണ്. അങ്ങനെ ''കലണ്ടർ മഗ്രിബി''ൽ ഈ വ്യത്യാസം വരുത്തി സത്യമഗ്രിബ് കണ്ടുപിടിക്കാം. അതനുസരിച്ച് ബാങ്ക് വിളിക്കണം.

ത നിങ്ങളിതെങ്ങനെ കണ്ടുപിടിച്ചു? ആരും ഈ പ്രശ്നം ഇത്വരെ ഉന്നയിച്ചിട്ടില്ലല്ലോ.

വ്യ: മക്കളെ ഞാൻ വളരെ ചെറുപ്പന്നേ നിസ്കാരം തുടങ്ങിയ ആളാണ്. മഗ്രിബിന് നിർബന്ധമായും പള്ളിയിൽ ഹാജരാവും. അന്ന് ക്ലോക്കില്ല, കലണ്ടറില്ല. ആകാശം നോക്കിയും അടിയളന്നു

മാണ് നമസ്കാരസമയം നിർണ്ണയിക്കാറ്. മഗ്രിബ് ബാങ്ക് കൊടുക്കുന്ന സമയവും ജമാഅത്ത് കഴിഞ്ഞു പുറത്തുവരുമ്പോഴത്തെ അന്തരീക്ഷാവസ്ഥയും-ഈ സമയങ്ങളിൽ ആകാശം എത്രമാത്രം പ്രകാശിതമായിരിക്കും എന്നൊക്കെ അനുഭവത്തിൽനിന്നു കുറേ മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോൾ അസ്തമാനം കഴിഞ്ഞു മിനുട്ടുകൾ കഴിഞ്ഞാലും മുക്രി കലണ്ടറും ക്ലോക്കുമായി കഴിയുന്നതല്ലാതെ ബാങ്ക് കൊടുക്കാനുള്ള പരിപാടിയൊന്നും കാണുകയില്ല. എനിക്ക് ഈ ദുരനുഭവം പലപ്പോഴും ഉണ്ടായിട്ടുണ്ട്. അസ്തമിച്ചു എന്ന് പറഞ്ഞാൽ പരിചയമില്ലാത്തവർക്ക് വിശ്വസിക്കുവാൻ കഴിയുകയില്ല അത്രക്കും പ്രകാശമയമായിരിക്കും. ആ പ്രകാശം ഒരു വിധം അടങ്ങി ഇരുളിന്റെ മങ്ങൽ കാണുമ്പോഴേ ബാങ്ക് കൊടുക്കുകയുള്ളു. ഈ രീതി വളരെ നാളായി എന്നെ അസ്വസ്ഥനാക്കുന്നു. പലപ്പോഴും ഇവിടെ ഞാൻ നിർബന്ധിച്ച് ബാങ്ക് കൊടുപ്പിച്ചിട്ടുണ്ട്. ഒരു ദിവസം അസാധാരണമാംവിധം വളരെ വൈകിയാണ് ബാങ്ക് കേട്ടത്. യഥാർത്ഥത്തിൽ എനിക്ക് വളരെ സങ്കടവും സഹതാപവും തോന്നി. ശംഖനാദം പുറപ്പെടുവിക്കുന്ന ക്ഷേത്രങ്ങളിൽ സന്ധ്യാപൂജ കഴിഞ്ഞുകാണും. നമ്മുടെ ജനങ്ങൾ പ്രകൃതിയുമായി ഇത്രമാത്രം അകന്നുപോയല്ലോ! നിത്യേന സംഭവിക്കുന്ന സൂര്യാസ്തമനവുമായി യാതൊരു പരിചയവുമില്ലാതായല്ലോ! ആ സമയത്തെ പക്ഷികളുടെ പ്രകൃതം ശ്രദ്ധിച്ചാൽത്തന്നെ മതിയല്ലോ കാര്യം, മനസ്സിലാക്കാൻ അവയുടെ കൂട്ട്കരച്ചിലും പ്രത്യേകജന ശബ്ദവും (സ്രഷ്ടാവിനുള്ള തസ്ബീഹ്) അസ്തമനലക്ഷണങ്ങളാണ്. നാം അന്ധരും ബധിരരുമായിത്തീർന്നു. ഞാൻ പിറേറദിവസം രണ്ടുമൂന്നു പേരേയും കൂട്ടി കടലോരത്തേക്ക് യാത്രയായി ഏതാണ്ട് 6 1/4 മണിക്ക് പുറപ്പെട്ടു. സൂര്യാസ്തമനം സമയം മനസ്സിലാക്കി വാച്ച് നേരത്തേ സെററ് ചെയ്തിട്ടാണ് പുറപ്പെട്ടത്. 6.33ന് അസ്തമാനം പൂർണ്ണമായി. എല്ലാവർക്കും ബോദ്ധ്യമായി 6.38 എന്ന് കലണ്ടറിലുള്ളത് ഈ നാട്ടിന് അനുയോജ്യമല്ല. 6.33നോ 6.34നോ മഗ്രിബ് ബാങ്ക് കൊടുക്കുകയാണ് ശരി. എന്നിങ്ങനെ ഞങ്ങൾ സംസാരിച്ചു തിരിച്ചുപോന്നു. അതാണ് കഥ-ഇന്നത്തെ ഈ സംസാരത്തിന്റെ നിമിത്തം. അത്കൊണ്ടു നാം എപ്പോൾ ബാങ്ക്കൊടുക്കണം? നോമ്പാണ്, ജനങ്ങൾ ബാങ്കൊലിയും കാത്ത് വീട്ടിൽ ചെവി കൂർപ്പിച്ചിരിക്കുന്നുണ്ടാവും.

ത: പിന്നെ, സംശയിക്കാനുണ്ടോ? പരിശോധിച്ചറിഞ്ഞ പ്ര

കാരം—അറിവന്റെ പരമകാഷ്ഠയായ ● എന്റൽയഖിൻ പ്രകാരം 6.34ന് തന്നെ ബാങ്ക് കൊടുക്കണം.

മെ. മ: നാട്ടിൽ പരക്കെ എല്ലാ പള്ളികളിലും 6.38 ആകുന്നതും നോക്കിയിരിക്കുമ്പോൾ നമ്മൾമാത്രം കുറേ മുൻകൂർ ബാങ്ക് കൊടുത്താൽ ആളുകളെന്ത് പറയും?

വ്യ: എന്ത് പറയും? അസ്തമിക്കുന്നതിന്മുമ്പ് ബാങ്ക് കൊടുത്തെന്ന് പറയും.

മെ. മ; ആളുകൾ ബഹളം കൂട്ടുകയില്ലേ?

ത; നിങ്ങളെന്താണിപ്പറയുന്നത്? ആളുകളെ കാര്യംപറഞ്ഞു മനസ്സിലാക്കണം. പിന്നെന്ത് ബഹളം?

മെ. മ; നമുക്ക് എല്ലാ പള്ളിക്കാരുംകൂടി ആലോചിച്ച് ഒന്നിച്ച് ഒരേ രീതിയിൽ നീങ്ങാം. ആക്ഷേപമില്ല.

ത; അല്ലെങ്കിലും ആക്ഷേപമില്ല. നമുക്കെന്ത് കാര്യം ഓരോ പള്ളിയിലുംപോയി വക്ത്കൾ പഠിപ്പിക്കാൻ? നമുക്ക് ബോദ്ധ്യമായ തെററ് തിരുത്തുക. നമുക്ക് ബോദ്ധ്യമായ സത്യമാർഗത്തിൽ നീങ്ങുക.

മെ. മ; ചോദിക്കുന്നവരോടെന്ത് പറയും?

വ്യ; നിങ്ങൾക്കറിയുന്ന വിധത്തിൽ കാര്യം പറഞ്ഞുകൊടുക്കുക. നമ്മുടെ കടമ അത്രമാത്രം.

മെ മ; നിങ്ങളൊക്കെപ്പറയുന്നമാതിരി പറയാൻ നമുക്ക് വാക്സാമർത്ഥ്യമില്ലല്ലോ.

വ്യ: അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയില്ലെങ്കിൽ എന്റടുത്തേക്ക് വിട്ടേക്കൂ. ഞാൻ പറഞ്ഞുകൊടുത്തേക്കാം.

മെ. മ; എന്നാലും നാട്ടുനടപടിക്ക് വിരുദ്ധമായി നമ്മൾ ഒരു പുതുമ ഇറക്കുമതി ചെയ്ത് ജനമദ്ധ്യേ ഒരു സംസാരവിഷയമാക്കിത്തീർക്കുന്നതെന്തിനാണ്? രണ്ടോ മൂന്നോ മിനുട്ടുനേരം വൈകിയാലും വിരോധമൊന്നുമില്ലല്ലോ.

ത: ഇദ്ദേഹം ഇത്രയൊക്കെ ന്യായം ഈ സദസ്സിൽ പറയുന്നു. വല്ലവരും ബാങ്കിനെപ്പററിച്ചോദിച്ചാൽ മറുപടി പറയാനുള്ള വാഗ് സാമർത്ഥ്യമില്ലെന്നും സങ്കടപ്പെടുന്നു. കളി മററൊന്നാണ്. നമ്മടെ മാപ്പിളാരുടെ പൊതുസ്വഭാവം-തനിനിറം- യാഥാസ്ഥിതികത്വം: ഒരു സംഗതിയും ചിന്തക്ക് വിഷയമാക്കുകയില്ല. കണ്ണുമൂടി അനുകരിക്കാൻ തയ്യാർ. ഈ കൂട്ടത്തിൽ ഇവർക്കാർക്കും ഒരു തന്റേടവുമില്ല. ഈ മൂപ്പർക്ക് മാത്രം ഭിന്നാഭിപ്രായം. സത്യം അറിഞ്ഞിട്ടും ചലിക്കുന്നില്ല. ഭയാനകം. മഹാത്ഭുതം.

മെ. മ: അതൊക്കെ എന്തും പറയാം. നമ്മുടെ നടപടിക്രമങ്ങളൊക്കെ പരിഷ്കരിച്ച് പുതിയ ഫേഷനിൽ കൊണ്ടുവരുന്നകാര്യത്തിൽ എനിക്ക് യോജിപ്പില്ല.

ഇതൊക്കെ കേട്ട അല്പം ദൂരെയിരുന്നിരുന്ന ഒരു മദ്ധ്യവയസ്സൻ ചാടിയെഴുന്നേററു, മെലിഞ്ഞ മനുഷ്യനോട്,

''നിങ്ങളെന്ത് ന്യായമാണ് പറയുന്നത്? ഇങ്ങനെയാണോ നാം മുസ്ലിം സമുദായത്തിൻെറ മതകാര്യങ്ങൾ കയ്യാളുന്നത് പള്ളിയിലെ കാരണവരോ പ്രസിഡണ്ടോ ആവാൻ പ്രായമുണ്ട്. മൂരാച്ചിത്തരം വിട്ടുമാറിയിട്ടില്ല. ജനങ്ങൾ കൃത്യസമയത്ത് നോമ്പ് തുറക്കാനും നമസ്കാരം നിർവഹിക്കാനും സഹായകമാകും വിധം അസ്തമനസമയം നേരിട്ടുകണ്ട നിർണ്ണയിച്ചതനുസരിച്ച് ബാങ്ക് കൊടുക്കുന്നതിന് ആരെയാണ് ഭയപ്പെടേണ്ടത്? ആരിൽനിന്നാണ് അതിന് ലൈസൻസ് വാങ്ങേണ്ടതു്?''

ത: നമുക്ക് മുസ്ല്യാരെ വിളിച്ച ചോദിക്കാം. അദ്ദേഹത്തിൻെറ അഭിപ്രായം അറിഞ്ഞു ചെയ്യാം.

വൃ: വളരെ ജോറായി കാര്യം.

കൂട്ടത്തിൽനിന്ന് ഒരാൾ മുസ്ല്യാരേ രംഗത്തേക്ക് കൂട്ടിക്കൊണ്ടുവന്നു.

ത: (മുസ്ല്യാരോട്) (വൃദ്ധനെ ചൂണ്ടിക്കാട്ടി) ഇദ്ദേഹം ഒരു സംഗതി പറഞ്ഞു. മുസ്ല്യാരുടെ അഭിപ്രായം അറിയാനാണ് വിളിച്ചത്.

മുസ്ല്യാർ: എന്താ കാര്യം? കേൾക്കട്ടെ.

ത: ഇന്ന് മഗ്രിബ് എത്രമണിക്കാണ്?

മു: 6.38ന്.

ത: 6.38നല്ലേ മഗ്‌രിബ് ബാങ്ക് വിളിക്കുക.

മു: അതേ. അതാണല്ലൊ അസ്തമയം.

ത: അതാണ് അസ്തമയമെന്ന് നിങ്ങളെങ്ങനെ അറിഞ്ഞു?

മു: കലണ്ടർ എന്തിനുള്ളതാ? അതിൽ മഗ്‌രിബ് 6.38 എന്ന് കൊടുത്തിട്ടുണ്ട്. അത്തന്നെ നമ്മുടെ അറിവ്.

ത: (വൃദ്ധനെ ചൂണ്ടി) ഇദ്ദേഹവും മററു ചിലരുംകൂടി കടപ്പുറത്ത് പോയി അസ്തമനം കണ്ടിരിക്കുന്നു. അത് 6.33നാണ്. അതുകൊണ്ട് 6.33ന് ബാങ്ക് കൊടുക്കണമെന്ന് ഇദ്ദേഹം പറയുന്നു. എന്താണ് മുസ്‌ല്യാരുടെ അഭിപ്രായം?

മു: ഇന്നലെവരെ 6 38നല്ലെ ബാങ്ക് കൊടുത്തത്?

ത: ആണല്ലൊ കലണ്ടറല്ലെ നമ്മുടെ സൂര്യനും കടലും.

മു; മററെല്ലാ പള്ളികളിലും ഇന്ന് അതേ കലണ്ടർ പ്രകാരം 6.38നല്ലേ ബാങ്ക് കൊടുക്കയുള്ളു?

ത: മിക്കവാറും അങ്ങനെയാവാനാണ് സാദ്ധ്യത.

മു; അപ്പോൾ ഇവിടെ മാത്രം എങ്ങനെ നാലഞ്ചുമിനുട്ട മുമ്പേ ബാങ്ക് വിളിക്കും? അത് ഭംഗിയാണോ?

ത: ജനദൃഷ്ടിയിലെ ഭംഗിനോക്കണോ അതല്ല ഇസ്ലാമിൻെറ നിയമനിർദ്ദേശം നോക്കണോ? ഏത് വേണം?

മു: ചോദ്യം ശരിയാണ്. ബോദ്ധ്യപ്പെട്ടനിലക്ക് 6-33ന് ബാങ്കുനടക്കണം നോമ്പ് തുറക്കണം. പക്ഷെ നാട്ടിൽ ഫസാദുണ്ടാകുമല്ലൊ.

ത. എന്ത് ഫസാദാണ് മുസ്ല്യാരേ ഉണ്ടാകുന്നത്?

മു: ഞാൻ കാരണമാണ് ഇത് സംഭവിച്ചതെന്നല്ലേ ആളുകൾ പറയുക?

ത: നിങ്ങൾ ശരിയാംവണ്ണം കാര്യം നടത്തിയെന്ന് പ്രശംസിക്കയല്ലേ ജനങ്ങൾ ചെയ്യുക.

മു: അല്ല, പൊതുരീതിയിൽ നിന്നും തെററുന്നത് തെററായിക്കാണും.

ത: അതൊരു തെററുതിരുത്താനാണെങ്കിലോ, അതിൽ കുററം കാണുമോ?

മു: ന്യായത്തിൽ നിങ്ങൾ പറയുന്നത് ശരി. സമ്മതിച്ചു. പ്രയോഗത്തിൽ വരുമ്പോൾ ഫിത്നയാവും.

വൃ; നിങ്ങളെന്ത് പറയുന്നു. 6.33ന് ബാങ്ക് വിളിക്കാമോ?

മു; ഞാൻ പറഞ്ഞിട്ടു വിളിക്കണ്ട അങ്ങനെ ചെയ്യാൻ ഞാൻ പറയുകയില്ല. 6.38ന് ബാങ്ക്കൊടുത്താൽ എനിക്ക് വിരോധവുമില്ല. എല്ലാവരെയും പോലെ ഞാനും, നമ്മളും അതാണ് നന്നായിരിക്കുക.

മൈ. മ; ഞാനും പറയുന്നത് അതാണ്.

ത. മുസ്ലിയാർ നേരെവരാൻ മടികാണിക്കുന്ന സ്ഥിതിക്ക്, മററുള്ളവരെ നേരേയാക്കാൻ പ്രയാസം.

വൃ: മുസ്ലിയാർ പേടിച്ചാൽ എല്ലാവരും പേടിച്ചത് തന്നെ.

മദ്ധ്യവയസ്സൻ; ദീൻ പഠിപ്പിക്കുന്ന മുസ്ല്യാരാണോ ഇത്? സത്യം അറിഞ്ഞിട്ടും അതിനെ തീരെ വകവെക്കാതെ, തെററിൽ ഉറച്ചുനിൽക്കുകയും മററുള്ളവരെ തെററിൽ ഉറപ്പിച്ചുനിർത്തുകയും ചെയ്യുന്ന നിങ്ങളെ ശറഇയായ ഒരു ഹാകിമിൻെറ മുമ്പിൽ ഹാജരാക്കാൻ കഴിയില്ലല്ലൊ എന്ന് സങ്കടപ്പെടുകയാണ് ഞാൻ.

മു; എല്ലാവർക്കും സമ്മതമെങ്കിൽ എനിക്കും സമ്മതംതന്നെ, അതിൽകവിഞ്ഞു ഒരു ഉത്തരവാദിത്വം ഞാനെടുക്കില്ല. നമുക്ക് ഒരു കാര്യം ചെയ്യാം. ഇദ്ദേഹത്തിൻെറ കൂടെ സൂര്യാസ്തമനം നേരിൽ കണ്ടവരെ വിളിച്ചു ചോദിക്കാം. അവരുടെ അഭിപ്രായവും അറിയാമല്ലൊ.

ത; അസ്തമനം 6.33എന്ന് പറഞ്ഞത് ശരിയാണോ എന്ന് പരിശോധിക്കാനാണോ?

മു: ഹേയ്, ഒരിക്കലുമല്ല. ഇദ്ദേഹം കളവ് പറയുകയില്ലെന്ന് നമുക്ക് ബോദ്ധ്യമാണ്.

ത: അവരിലാരെങ്കിലും ഇവിടെയുണ്ടെങ്കിൽ ഇതിനകം മുന്നോട്ടുവരുമായിരുന്നു. എനി അവർ വന്നാൽത്തന്നെ മുസ്ലിയാരോട് യോജിക്കുന്നതല്ലാതെ, മറിച്ചെന്തെങ്കിലും പറയുമോ? പറയാൻ ധൈര്യമുണ്ടാകുമോ? പണ്ട് മൂസാ (അ) നബിയുടെ റബ്ബിനെക്കൊണ്ട ഞങ്ങൾ വിശ്വസിച്ചു എന്ന് പറഞ്ഞപ്പോൾ ''എന്റെ അനുവാദം കിട്ടുന്നതിന് മുമ്പ് നിങ്ങൾ വിശ്വസിച്ചതിന് എതിർവശങ്ങളിലെ കൈകാലുകൾ മുറിച്ചുകളയുന്നതാണ്'' എന്ന് ഫിർഔൻ വിധി പറഞ്ഞ ചരിത്രം ഓർക്കുന്നില്ലേ? അതാണ് ഇപ്പോഴും നമ്മുടെയിടയിൽ നടക്കുന്നത്. നമ്മുടെ പാരമ്പര്യംതന്നെ ആലിമീങ്ങൾ പറയുന്നത് പരിശോധിക്കാതെ ചോദ്യംചെയ്യാതെ അനുസരിക്കലാണ്. ഇൽമിന്റെ മഹത്വവും ആലിമീങ്ങളുടെ മനോശുദ്ധിയും അംഗീകരിച്ചിരുന്ന പഴയകാലംമുതൽക്കുള്ള സമ്പ്രദായമാണത്.

മു; നമുക്കത് മുറിയാതെ തുടരാം.

ത: പക്ഷെ, ഇന്ന് മനോശുദ്ധിയുള്ള ആലിമീങ്ങളില്ലല്ലോ മുസ്ല്യാരേ, ഇന്നുള്ളവരെ കണ്ണടച്ചു വിശ്വസിക്കാമോ? പരസ്പരം പൊരുതുന്ന പാർട്ടിപണ്ഡിതന്മാരാണല്ലോ ഇന്നുള്ളത്.

മു; നിങ്ങളെന്തൊക്കെപ്പറഞ്ഞാലും ഇന്ന് ബാങ്ക് 6.38ന് മതി. അത് തെററായാലും ആരും അതിൽ തെററുകാണില്ല.

ത: വിഡ്ഢിത്തം പറയല്ലെ മുസ്ല്യാരേ. ആരും തെററു കാണില്ല എന്നതാണോ നമ്മുടെ ആചാരനുഷ്ഠാനങ്ങൾക്ക് മാനദണ്ഡം. എല്ലാവരും ചെയ്യുന്ന തെററ് നമുക്കും ചെയ്യാമെന്നല്ലെ നിങ്ങൾ ഉപദേശിക്കുന്നത്? ഞങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്ന മതപണ്ഡിതന്റെ ചിന്താഗതിയാണ് ഇവിടെ പ്രകടമാകുന്നത്. ഈ നിലപാടിൽ നിങ്ങളെ കുററംപറഞ്ഞിട്ടുകാര്യമില്ല. ഇപ്പോൾ പണ്ഡിതന്മാരുടെ നയം അതാണ്. ജനങ്ങൾക്കനുസരിച്ചു നിൽക്കുക. അതാണ് നിലനിൽപ്പിനുള്ള രക്ഷാമാർഗ്ഗം. സദുപദേശം ചെയ്യു

സമൂഹത്തെ നന്നാക്കുന്നതിന് പകരം നാട്ടാർ ചെയ്യുന്നതൊക്കെ ശരിവെച്ചംഗീകരിക്കുക. ജാറവും, കൊടികുത്തും, ചന്ദനക്കുടവും, ജാറംമൂടലും, കൊടി ഉഴിച്ചിലും, ഉറൂസും നിലനിൽക്കുന്നതും വർദ്ധിക്കുന്നതും ആലിമീങ്ങളുടെ ഈ നയംകൊണ്ടാണ്. മാലയും മൗലീദും, നേർച്ചപ്പാട്ടും എണ്ണത്തിൽ കുറഞ്ഞെങ്കിലും, തീരെ അപ്രത്യക്ഷമായിട്ടില്ല.

വൃ സമയമാകാറായി. ഞാൻ വീട്ടിൽ പോകയാണ്. 6.33 ന് നോമ്പ് തുറക്കാം. ഇവിടെയിരുന്നാൽ 6.38 വരെ കാക്കണം. ഇതുംപറഞ്ഞു വൃദ്ധൻ പള്ളിയിൽനിന്നും പുറപ്പെട്ടു. അദ്ദേഹത്തിന്റെ പിന്നാലെ തടിയനും, മദ്ധ്യവയസ്കനും, വേറെ നാലഞ്ചുപേരും ഇറങ്ങിപ്പോയി. അവർ പറയുന്നുണ്ടായിരുന്നു. നമുക്ക് സന്ധ്യക്ക് തന്നെ നോമ്പ് തുറക്കണം.

അവർ പോയി കുറച്ചുകഴിഞ്ഞപ്പോൾ പള്ളിയിൽ അവിടവിടെ കുശുകുശു സംസാരം നടക്കുകയുണ്ടായി. ഒരാൾ മാത്രം അല്പം ഉച്ചത്തിൽ ഉറക്കെപ്പറഞ്ഞു; ഇങ്ങനെ പലതരക്കാരും പുറപ്പെടും ഖിയാമം നാളടുത്തല്ലൊ. എഴുപത്തിരണ്ടിലൊന്നായിരിക്കും ഇത്.

മുസ്ല്യാർ ഉടനെ പ്രതികരിച്ചു. അദ്ദേഹം പറഞ്ഞു: കുറേനാളായി ഓരോ പുതുമകൾ പല ഭാഗങ്ങളിൽ മുളക്കുന്നു. ഏററവും ഒടുവിലെത്തതാണിത്.

കൂട്ടത്തിലൊരാൾ: എന്താ മുസ്ലിയാരങ്ങനെ പറയുന്നത്?

മുസ്ല്യാർ: അല്ലന്നേ, ഈ കാലംവരെ കലണ്ടർ നോക്കിയല്ലേ ബാങ്കും, നോമ്പും നടത്തിയിരുന്നത് ഇപ്പോഴും ഒരു വിഘ്നവും കൂടാതെ അത് നടന്നുകൊണ്ടിരിക്കുന്നു. എത്ര ആലിമീങ്ങളുടെ ശ്രദ്ധയിൽപ്പെട്ട നടപടിയാണിത്. അവരുടെ ആശീർവാദവും അനുമതിയും അതിനുണ്ട്. കാര്യങ്ങൾ അങ്ങനെയിരിക്കെ, ഇവിടെ ഒരു ശാസ്ത്രജ്ഞനും പണ്ഡിതനും തലപൊക്കിയിരിക്കുന്നു. കലണ്ടർ തെററ്, സമയം തെററ്, അസ്തമയം തെററ്, ബാങ്ക് തെററ്-എല്ലാം തെററ്. സമൂഹത്തിൽ കുഴപ്പം സൃഷ്ടിക്കാൻ കരുതിക്കൂട്ടി ഇറങ്ങിയിരിക്കയാണിവന്മാർ. നാം വളരെ സൂക്ഷിക്കണം വർത്തമാനം കേട്ടാൽ ശരിയെന്നുതോന്നിപ്പോകും.

കൂ ആം; അപ്പോൾ മുസ്ല്യാർ പറയുന്നത് ആ വൃദ്ധൻ പാ

ഞ്ഞത് ശരിയല്ലെന്നാണോ? അദ്ദേഹം 6.33ന് സൂരുൻ അസ്തമി ച്ചതായി കണ്ടു എന്നു് പറഞ്ഞത്, കളവാണെന്നാണോ?

മുസ്ല്യാർ: അതൊന്നും ഞാൻ പറയില്ല. കലണ്ടർ സമയം ശരിയാണ്. അത് മാററേണ്ടതില്ലഎന്നേ ഞാൻ പറയു.

ക്ലു ആ ഠ: മുസ്ല്യാർ പറയുന്നത് തെററാണ്. 6.33ന്സൂര്യാ സ്തമനം നടക്കുമ്പോഠം 6.38നാ നോമ്പാങ്ക് കൊടുക്കേണ്ടത്? 6.33 അസ്തമനം നടക്കുന്നുഎന്ന വസ്തുത ശരിയാണൊഎന്ന് പരിശോ ധിക്കുകയാണ് നിങ്ങഠം ചെയ്യേണ്ടത്. യാതൊരടിസ്ഥാനവുമി ല്ലാതെ കലണ്ടർ സമയം ശരിയെന്ന് വെറുതെയങ്ങു തട്ടിമൂളിക്കു കയോ? നിങ്ങളുടെ അന്ധമായ മാമൂൽ ജനങ്ങളിൽ ഉറപ്പിച്ചു തറ പ്പിച്ചു പ്രതിഷ്ഠിക്കയാണ്. അന്ധരായ ജനങ്ങഠം റാം മൂളുകയും ചെയ്യും. ശാസ്ത്രത്തിനെ കുററം പറഞ്ഞു വലിയ വിജ്ഞാനിയെന്ന ഭാവത്തിൽ വിലസുന്നതിലർത്ഥമില്ല. ഇവിടെ ഒരു ശാസ്ത്രവുമില്ല. വെറും കണ്ണുതുറന്നു അസ്തമനം കാണുകയേവേണ്ടു. ആ പരീക്ഷണം കൂടി നടത്താനുള്ള മനോഭാവമേ മനകരുത്തോ നീതിവിചാരമോ കാര്യ കാരണ ബോധമോ ഇല്ലാത്ത നിങ്ങഠം ആലിമൂൽ അല്ലാമയാ യി കഴിഞ്ഞോളൂ. കഥകേട്ടും ബുദ്ധിശൂന്യതയുംകൊണ്ട് ഇസ്ലാമിക വിധികളെ അവഗണിച്ചു താന്നുമ്പോഠം കാര്യം നടത്തുന്ന നിങ്ങളു ടെ കൂടെ നിൽക്കാൻ നമ്മളില്ല.

ഇത്രയും പറഞ്ഞു അയാഠം ഇറങ്ങിനടന്നു. അയാളുടെ പിന്നാ ലെ കുറെ ചെറുപ്പക്കാരും ഇറങ്ങിപ്പോയി

കുറച്ചുനേരം പള്ളിയിൽ നിശ്ശബ്ദത വ്യാപിച്ചു. ബാക്കിയുള്ള അല്പംപേർ ഒന്നും മിണ്ടാതെ ഇരുന്നിടത്ത് നിശ്ചലമായി മൗനി കളായി സ്ഥിതിചെയ്തു. ഈ നിശ്ശബ്ദതയെ ഭഞ്ജിച്ചത് മുക്രി ക്കായുടെ ''അല്ലാഹുഅക്ബർ'' എന്ന ശബ്ദമാണ്. അപ്പോഠം ഞാൻ ക്ലോക്ക് നോക്കി. സമയം കൃത്യം 6.38.

അനുഭവം 3

എന്റെ മയ്യത്ത് ആര് നിസ്കരിക്കും?

ഒരു ജൗളി വ്യാപാരക്കടയുടെ വരാന്തയിൽ കൽത്തൂണുംചാരി ഞാൻ വിശ്രമിക്കുകയായിരുന്നു. വരാന്തയിലെ ബെഞ്ചിൽ ഒരു താടിക്കാരൻ മദ്ധ്യവയസ്കൻ ഇരിക്കുന്നുണ്ടായിരുന്നു. ഇടക്കിടെ വ്യാപാരിയോട് എന്തെങ്കിലും പറയുമായിരുന്നു. താൻ വായിച്ചു കൊണ്ടിരുന്ന വർത്തമാനപത്രത്തിലെ വൃത്താന്തങ്ങളെ പരാമർശി ച്ചുള്ള റിമാർക്കുകളും അദ്ദേഹം പറയുമായിരുന്നു.

ഈ സമയത്ത് ഒരു തൈകിഴവൻ അവിടെ കയറിവന്നു. സലാം ചൊല്ലി താടിക്കാരന്റെ സമീപം ഇരിപ്പുറപ്പിച്ചു. താടി ക്കാരനുമായും വ്യാപാരിയുമായും കുശലപ്രശ്നങ്ങൾ അന്യോന്യം കൈമാറിയ ശേഷം നാട്ടുവിഷയങ്ങൾ പലതും പറഞ്ഞുകൊണ്ട് അല്പസമയം അവർ കഴിച്ചുകൂട്ടി.

പെട്ടെന്ന് എന്തോ ഓർമ്മവന്നിട്ടെന്നപോലെ താടിക്കാരൻ ചോദിച്ചു. അല്ലാ, എങ്ങനെയുണ്ട് ഈ വെള്ളിയാഴ്ചയിലെ പ്രസം ഗം ഖതീബ് വളരെ ഭംഗിയായി വിഷയം വിശദീകരിച്ചു. ഇല്ലേ? എന്താ അഭിപ്രായം?

കിഴവൻ; പ്രസംഗം വളരെ ശ്രദ്ധയോടെ ഞാൻ കേട്ടു. വി ഷയം നന്നായി അവതരിപ്പിച്ചിട്ടുണ്ട്.

താടി: മാത്രമല്ല കേൾവിക്കാർക്ക് യാതൊരു സംശയം തോ ന്നാനിടയില്ലാത്ത വിധം ഉറപ്പിച്ചും തറപ്പിച്ചും വസ്തുതകൾ ആ വർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്.

കി; ഉറദി പറയുമ്പോൾ അങ്ങനെ വേണം. ശ്രോതാക്കളിൽ ഒരു സംശയവും ഉണ്ടാവരുതെന്നാണ് മാത്രമല്ല മുസ്ല്യാർ പറഞ്ഞതു പോലെയാണ് സംഗതിയുടെ കിടപ്പെന്നും അതിൽ ഭിന്നാഭിപ്രാ യമുണ്ടാവാൻ തരമില്ലെന്നും അവർക്ക് തോന്നേണ്ടതത്യാവശ്യമാണ്.

താടി; എന്താ അഭിപ്രായ വ്യത്യാസമുണ്ടോ? വിഷയം മുസ്ല്യാർ പറഞ്ഞത്പോലെത്തന്നെയല്ലേ?

കി: എന്തിനാ എൻെറ അഭിപ്രായം ആരായുന്നത്?

താ: നിങ്ങളുടെ വിവരണത്തിൽ എനിക്ക് സംശയം ജനിച്ചത്കൊണ്ടാണ്. ഭിന്നാഭിപ്രായത്തിനിടയില്ലെന്ന് തോന്നത്തക്ക വിധം എന്ന വിവരണം അത്ഥദ്യോതകമാണ്. നിങ്ങൾക്കഭിപ്രായവ്യത്യാസമുണ്ടെന്ന് ഒരു ധ്വനി.

കി: അള്ളള്ളോ, ആ ധ്വനി ഉദ്ദേശപൂർവ്വമല്ല. ഒരു ധ്വനിയും എനിക്കില്ല. ധ്വനിപ്പിക്കാൻ പാടില്ല.

താ; എന്താണത്. മുഴുവൻ മനസ്സിലായില്ല.

കി: മുസ്ല്യാർ എനി മേൽ എന്ത് പറഞ്ഞാലും കേൾക്കുക മാത്രമേ പാടുള്ളു. വല്ല വിശദാംശത്തിലോ, മുഖ്യാംശത്തിലോ ഭിന്നാഭിപ്രായം ഉച്ചരിക്കുന്നത് സൂക്ഷിച്ചുവേണം.

ഈ അവസരത്തിൽ ഒരു യുവാവും അവിടെവന്നുകേറി ബെഞ്ചിലിരിപ്പായി. സലാം ചൊല്ലിക്കേറലും സ്വീകരണവും ക്ഷണനവും കണ്ടാൽ അവർ സുഹൃത്തുക്കളും ചിരപരിചിതരുമാണെന്ന് മനസ്സിലാകും. താടിക്കാരനും കിഴവനും സംഭാഷണം തുടന്നു. യുവാവ് അതിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടിരുന്നു.

താ; നിങ്ങളുടെ മനസ്സിലെന്തോ കാര്യമായത് കിടപ്പുണ്ട്. ദയവായി തുറന്ന് പറയണം. മേലാൽ മുസ്ലിയാരുടെ പ്രസംഗം കേട്ടാൽ അത് സംബന്ധമായ സ്വാഭിപ്രായങ്ങൾ പ്രകടമാക്കുകയില്ലെന്ന് പറയാൻ എന്താ കാരണം? നിങ്ങളെപ്പോലെയുള്ളവക്കല്ലേ എന്തെങ്കിലും പറയാൻ കഴിയൂ?

വൃ: അഭിപ്രായം ആർക്കും പറയാം. കേൾക്കുന്നവരൊക്കെ മനുഷ്യരല്ലേ?

താ അഭിപ്രായം പറയണമെങ്കിൽ രണ്ടു ലക്ഷണങ്ങൾ ഒത്തിരിക്കണം. ഒന്നാമത് അഭിപ്രായ രൂപീകരണത്തിന് ആവശ്യമായ മതവിദ്യാഭ്യാസം ഉണ്ടായിരിക്കണം. രണ്ടാമത് അത് തുറന്നു പറയാനുള്ള മനോബലം അതായത് ധൈര്യം ഉണ്ടായിരിക്കണം. ഒന്നാമത്തെ ലക്ഷണം വളരെ ചുരുക്കം പേർക്കേകൊണ്ടു. അവരിൽ തന്നെ രണ്ടാമത്തെ ലക്ഷണമൊത്തവർ വളരെ വിരളം.

വ്യ: വളരെ ശരിയാണ് ആ പറഞ്ഞത്. ബഹുഭൂരിപക്ഷം മഹല്ലുകളിലും ഇതാണ് സ്ഥിതി, ഇന്നത്തെ പണ്ഡിതന്മാർക്ക് കൊയ്ത്തുകാലം, സന്ദർഭോചിതം എന്തും പറയാം. എതിർപ്പുണ്ടാകുകയില്ലെന്നും അവർക്കറിയാം. മതബോധത്തിന്റെ അടിത്തറയില്ലാതെ മതവീര്യം ഘോഷമാത്രമായികൊണ്ടുനടക്കുന്ന വിജ്ഞാനികളാൽ നിറഞ്ഞതാണല്ലോ നമ്മുടെ ഖൗമ്.

താ; ഈ സാഹചര്യത്തിൽ നാം എന്ത് വേണം? ഒരു രജതരേഖാ എവിടെയെങ്കിലും വേണ്ടേ? നിങ്ങളെപ്പോലെയുള്ള വ്യക്തികളാണ് സത്യത്തിൽ അത്തരത്തിലുള്ള രജതരേഖകളായി പരിശോഭിക്കേണ്ടത്. അതിന് ആവശ്യമായ മത വിജ്ഞാനമുണ്ട്, പ്രകാശിപ്പിക്കാനുള്ള കഴിവുമുണ്ട്. അപ്പോൾ നിങ്ങൾ മൗനംദീക്ഷിക്കുന്നത് ആക്ഷേപാർഹമല്ലേ? പണ്ഡിതന്മർ എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ, ജനങ്ങൾ എന്തെങ്കിലും ധരിച്ചുകൊള്ളട്ടെ, സമൂഹത്തിൽ എന്താചാരമെങ്കിലും അനുഷ്ഠിച്ചുകൊള്ളട്ടെ എന്ന ധാരണയിൽ തൻകാര്യംമാത്രം നോക്കി നിങ്ങൾ കഴിഞ്ഞുകൂടുന്നത് ശരിയാണോ? അപരാധബോധം നിങ്ങൾക്ക് തോന്നുന്നില്ലേ?

വ്യ; സംഗതി ശരിയാണ്. വളരെ വ്യാകുലതയുണ്ട്.. വിജ്ഞാനരഹിതരായ സമുദായത്തിനോടു പണ്ഡിതന്മാർ ചിലപ്പോൾ നടത്തുന്ന പ്രസ്താവനകളും കൊടുക്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും വളരെ അപകടകാരിയെന്ന് തോന്നേണ്ടവയാണ്. പക്ഷെ അതെല്ലാം ശരിയെന്ന് കണ്ണടച്ചു സ്വീകരിച്ചേററുവാങ്ങാൻ മാത്രം അന്ധതയുള്ള ജനങ്ങളിലേക്ക് പ്രകാശകിരണങ്ങൾ അത്ര വേഗം തുളച്ചുകയറുകയില്ല.

താ; വളരെക്കാലമായി ഉറച്ച വേരോടിയകാര്യങ്ങളെ പിഴുതെടുക്കുവാൻ പ്രയാസമുണ്ടാവുക സ്വാഭാവികമാണ്. കളകൾ പറിച്ചെടുക്കണം. നല്ല വിത്തുകൾപാകി മുളപ്പിച്ചെടുക്കുകയും വേണം.

വ്യ: ഒരു പ്രയാസമാണുള്ളത് പുതിയ വിത്തുകൾ മുളക്കാനനുവദിക്കയില്ല. മുളച്ചതിനെ വളരാനും അനുവദിക്കില്ല. അതാണ് നിലവാരം. ആരെങ്കിലും പാഴ്ച്ചെടികൾ പറിക്കാനോ പുതിയ ചെടികൾ മുളപ്പിക്കാനോ ശ്രമിച്ചാൽ അയാൾ കുടുങ്ങിയത് തന്നെ. അതേസമയം ജനങ്ങൾ അംഗീകരിച്ചുപോന്ന പണ്ഡിത പരമ്പരയിൽപ്പെട്ട ആരെങ്കിലും എന്ത് പുതുമപറഞ്ഞാലും ഒരു

സംശയമോ പ്രതിഷേധമോ ഇല്ലാതെ അതപ്പടി സമ്മതിക്കുകയും അനുസരിക്കുകയും ചെയ്യാൻ നമ്മുടെ ഖൗമ് തയ്യാർ.

താ: ഈ സ്വഭാവം മാറിയേപറ്റൂ. മാററിയേപറ്റൂ അതാണ് ഞാൻ പറഞ്ഞത്. നിങ്ങളെപ്പോലെയുള്ളവർ വായതുറക്കണം.

വൃ അള്ളാ അപകടം. മുസ്ലിയാർ പറയുന്നതിനെ പരസ്യമായി എതിക്കുർക്കുന്നത് ഇപ്പോഴല്ലെങ്കിൽ ഭാവിയിലെങ്കിലും അതു് ആപത്തായിത്തീരുമെന്നു് ഞാൻ പഠിച്ചുകഴിഞ്ഞു. എനി അത്തരം ജനങ്ങളുടെ ഇടയിൽ മൗനം ഭൂഷണം എന്ന നയമാണ് നല്ലത്.

താ: നിങ്ങൾ അങ്ങനെ മൗനിയായിരുന്നില്ലല്ലോ. ഇപ്പോൾ പെട്ടെന്നുള്ള വ്യതിയാനത്തിനെന്താ കാരണം?

വൃ: എനിക്കൊരു ഷോക്കേററിട്ടുണ്ട്. നിങ്ങൾക്കത് ഏററില്ലായിരിക്കും.

താ; എന്താണതു്?

വൃ: ഈ അടുത്തകാലത്ത് എന്താണുണ്ടായത്? നഹാ സാഹിബിൻെറ മയ്യിത് നമസ്കാരം നമ്മുടെ പള്ളിയിൽ നടത്തിയോ?

താ ഇല്ല. അതിനെന്താ? എത്ര പള്ളിയിൽ അത് നടത്താതിരുന്നിട്ടുണ്ട്.

വൃ; നിങ്ങൾക്ക് അതിൽ വല്ല പന്തികേടും തോന്നുന്നുണ്ടോ?

താ: ഒരു വല്ലായ്മ തോന്നി ആഴ്ചതോറും ദശക്കണക്കിന് ആളുകൾക്ക് മയ്യിത് നിസ്കരിക്കാറുണ്ട്. പിന്നെ നഹാസാഹിബിനു് അതു് ചെയ്യാതിരുന്നതു് ശരിയായോ എന്നു് എനിക്ക് ഒരു ഇളിഭ്യത തോന്നാതിരുന്നില്ല.

വൃ; എന്നിട്ടെന്താ നിങ്ങൾ ചെയ്തതു്?

താ: എന്തുചെയ്യാൻ. ഖതീബ് അതിന് ഒരു കാരണം പറഞ്ഞു. പള്ളിയിലുണ്ടായിരുന്ന ആർക്കും ഒരു പ്രതിഷേധവും ഉണ്ടായില്ല. എല്ലാവരും നിശ്ശബ്ദരായി ഇറങ്ങിപ്പോയി. കൂട്ടത്തിൽ ഞാനും.

വ്യ: നിങ്ങളെന്ത് കരുതുന്നു? നിങ്ങളെപ്പോലെ മററു പലർക്കും അങ്ങനെ ഒരിളിഭ്യത തോന്നിയിരിക്കാനിടയില്ലേ?

താ: സാദ്ധ്യതയുണ്ട്.

വ്യ: നിങ്ങളെപ്പോലെ അവരും ഇറങ്ങിപ്പോയി. അവരെപ്പോലെ നിങ്ങൾ ഇറങ്ങിപ്പോയെന്നാണല്ലൊ നിങ്ങളുടെ ഭാഷ്യം. പൊതുജനസ്വഭാവം അതാണ്. എന്ത് കേട്ടാലും, സംശയം ഉന്നയിക്കില്ല. ഹൃദയത്തിന് സ്വീകാര്യമല്ലാത്ത കാര്യങ്ങളായാലും മൗനാനുവാദം നൽകും. മുസ്ലിയാക്കൻമാർക്ക് പൊതുമുസ്ലിംകളുടെ മേലുള്ള സ്വാധീനം എത്രമാത്രമുണ്ട്?

താ; പക്ഷെ മുസ്ല്യാർ ഒരു കാരണം പറഞ്ഞിട്ടുണ്ട്. അത് വളരെ അധികം പേരെ സ്വാധീനിച്ചുകാണും.

വ്യ; അതെ, അതാണ് ടെക്ന്ക്.

താ: നഹാസാഹിബ് മുജാഹിദാണത്രെ. അത്കൊണ്ട് അദ്ദേഹത്തിന്ന് സുന്നികൾ മയ്യിത്ത് നമസ്കരിക്കരുതെന്നാണ് ഖതീബ് പറഞ്ഞത്.

വ്യ: ഒരാൾ മുജാഹിദാണെന്ന് കുറെ ആളുകൾ പറഞ്ഞാൽ അദ്ദേഹം പൊതുമുസ്ലിംകളുടെ പ്രാർത്ഥനക്ക് അർഹനല്ലാതായിത്തീരുന്നു എന്നാണല്ലൊ തെളിയുന്നത്.

താ: അതു് ശരിതന്നെയാണ്.

ഈ സംവാദം ശ്രദ്ധിച്ചുകൊണ്ടിരുന്ന യുവാവ് അതിനിടയിൽ കടന്നുചോദിച്ചു.

യു: ഞങ്ങളുടെ പള്ളിയിലും ഈ പ്രശ്നമുണ്ടായി. അവിടെയും നിസ്കരിച്ചില്ല, അവിടെയും പ്രതിഷേധമില്ലാതെ എല്ലാവരും ഇറങ്ങിപ്പോയി. മുസ്ലിയാർ പറഞ്ഞകാരണം ഇതല്ല.

താ; അവിടെ മുസ്ലിയാർ എന്താണ് കാരണമായി പറഞ്ഞത്?

യു: നഹാസാഹിബിന്റെ തൗഹീദും സുന്നിമുസ്ലിംകളുടെ

തൗഹീദം യോജിക്കുകയില്ല. ആകയാൽ തൗഹീദിൽ യോജിക്കാത്ത സുന്നിയല്ലാത്തവക്ക് നിസ്കരിക്കാൻ പാടില്ലാ എന്നായിരുന്നു മുസ്ലിയാരുടെ വാദം,

താ; പിന്നെ എന്തുണ്ടായി?

യു: എന്തുണ്ടാവാൻ? ഒന്നും ഉണ്ടായില്ല.

താ: ആരും അതിനെപ്പററി പിന്നീട സംസാരിച്ചില്ലേ?

മു: അവിടെ ഒന്നും ഉണ്ടായില്ല. പക്ഷെ ഞങ്ങളുടെ തൊട്ടടുത്ത മഹല്ലിൽ സംഗതി അല്പം വ്യത്യാസപ്പെട്ടു. മുസ്ലിയാർ എന്തോ കാരണംപറഞ്ഞു നഹാക്ക് നമസ്കരിച്ചില്ല. അതേ വെള്ളിയാഴ്ച വേറെ പത്തുപതിനെട്ടാളുകരംക്ക് വേണ്ടി നമസ്കരിക്കയുണ്ടായി. അന്ന് ജനങ്ങരം മുസ്ലിയാർ കളിപ്പിക്കുന്ന കുരങ്ങുകളെപ്പോലെ ഇറങ്ങിപ്പോയി. പക്ഷെ ചില ആളുകളുടെയിടയിൽ അസുഖവും തുടന്ന് പിറുപിറുപ്പും ഉണ്ടായി. പിന്നെ അതു് ഉച്ചത്തിലുള്ള പരസ്യസംസാരമായി വളർന്നു, അവസാനം അടുത്ത വെള്ളിയാഴ്ച നമസ്കരിക്കണം എന്ന ദൃഢനിശ്ചയത്തിൽ ചിലർ എത്തിച്ചേർന്നു. മഹല്ല് പ്രസിഡണ്ടും ആ അഭിപ്രായക്കാരനായത്കൊണ്ട് ജുമു ആനന്തരം മുസ്ലിയാർ വഴിമാറിക്കൊടുത്തു. നമസ്കാരത്തിന് തടസ്സം സൃഷ്ടിച്ചില്ല. മുസ്ല്യാരോ കേവല സുന്നിയോ അല്ലാത്ത ഒരു മഹല്ലാംഗം ഇമാമായിനിന്ന് നഹാക്ക് മയ്യിത്ത് നമസ്കരിച്ചു.

വ്യ: നിങ്ങളുടെ മുസ്ലിയാർ ഒഴികെ ബാക്കി എല്ലാവരും നമസ്കരിച്ചു അല്ലേ?

യു; എല്ലാവരുമില്ല. മുസ്ലിയാരെപ്പോലെ ശരിയായ ''സുന്നി''കളായ കുറച്ചാളുകരം അദ്ദേഹത്തോടൊപ്പം ഒഴിഞ്ഞുനിന്നു. പക്ഷേ ഭൂരിപക്ഷം ആളുകളും പങ്കെടുത്തു.

വ്യ: അതായത് ആ മഹല്ലിലെ ഭൂരിപക്ഷവും സുന്നികളല്ലാ എന്നാണല്ലോ ഇതിൽനിന്നും വ്യക്തമാകുന്നതു്.

യു; അങ്ങനെയല്ല മുജാഹിദ്, ജമാഅത്ത് ആശയക്കാർ ആ മഹല്ലിൽ കുറവേയുള്ളൂ അവർ സുന്നികളാണെങ്കിലും ഒരു വ്യക്തിക്ക് നമസ്കരിച്ചില്ലാ എന്ന കാര്യത്തിൽ മുസ്ലിയാരോടും

അവർക്ക് വെറുപ്പുണ്ട് എന്നാണ് ജനങ്ങൾ പറയുന്നത്. അത് കൊണ്ടാണ് മുസ്‌ല്യാരുടെ നിസ്സഹകരണം വകവെക്കാതെ, അവർ നിസ്കരിച്ചതു്.

വ്യ: ജനങ്ങൾക്ക് വെറുപ്പുണ്ടെങ്കിൽ ആ വ്യക്തി അവരുടെ ഇമാമത്തും ഖതീബായും തുടരുന്നതു് ഭംഗിയല്ലല്ലൊ. ജനങ്ങളുടെ ഹിതത്തിന്നൊത്ത് നിന്നില്ലാ അല്ലെങ്കിൽ അവരുടെ വികാരത്തെ മാനിച്ചില്ലാ എന്ന കാരണത്താൽ ആ ഖതീബിനെ പിരിച്ചുവിടേണ്ടതാണ്. മറെറാരു വശത്തുകൂടി നോക്കുമ്പോൾ, ജനങ്ങൾ തന്റെ ഉപദേശം സ്വീകരിച്ചില്ലാ അല്ലെങ്കിൽ തന്റെ വീക്ഷണത്തോട യോജിപ്പില്ലാ എന്ന കാരണത്താൽ ഖതീബ് സ്വയം സ്ഥനേഹമൊഴിഞ്ഞു പോകേണ്ടതായിരുന്നു.

യു: ഇത് രണ്ടും നടന്നില്ലാ. അവിടെ പഴയപടികാര്യങ്ങൾ നടന്നുപോകുന്നു എന്നാണറിയുന്നത്.

താ; ഇവിടെ മുജാഹിദ് എന്ന കാരണം പറഞ്ഞാണ് മുസ്ലിയാർ ഒഴിഞ്ഞത്. മുജാഹിദിന് നിസ്കരിച്ചുകൂടെന്ന്,

വ്യ; മയ്യിത് നമസ്കാരം ആ മരിച്ച വ്യക്തിക്ക് വേണ്ടിയുള്ള ഒരു പ്രാർത്ഥനയാണ്. അയാളുടെ പരലോകജീവിതം സുഖകരമാക്കിത്തീർക്കാൻ അവിടെ നേരിടേണ്ടിവരുന്ന ക്ലേശങ്ങൾ ലഘൂകരിച്ചുകൊടുക്കാൻ. ഈ ബാദ്ധ്യത മുസ്ലീംകൾ അന്യോന്യമുള്ള ബാദ്ധ്യതയാണ്. ആ ബാദ്ധ്യത അന്യോന്യം നിറവേററേണ്ടതുണ്ട്. നിർബന്ധകടമയും കൂടിയാണത്. എന്നാൽ ആ നിർബന്ധകടമ ഒരു വ്യക്തിയെ സംബന്ധിച്ചും ഒഴിവ് പറഞ്ഞിട്ടില്ല ഇസ്ലാമിക നിയമം അതാണ്. സ്ഥിതിഗതികൾ അങ്ങനെയായിരിക്കെ ഒരു മുസ്‌ലിം സഹോദരന്ന് ആ പ്രാർത്ഥന നിഷേധിക്കുകയെന്നത് അത്രചെറിയ സംഗതിയല്ല. വ്യാപകമായ ഒരത്ഥമുണ്ട് ആ പ്രവൃത്തിക്ക്.

താ: മററു മുസ്‌ലികളെപ്പോലെ ഒരു തികഞ്ഞ സാഹോദര്യമോ സമത്വമോ കാണിച്ചില്ല എന്നതാണ് വസ്തുത.

വ്യ: സുബ്ഹാനല്ല നിങ്ങളെന്താണിപ്പറയുന്നത്? അത്ര ചെറുതല്ല കാര്യംകെട്ടൊ. മുസ്ലിയാർ നഹാസാഹിബിനെ മുജാഹിദെന്ന്

മാത്രം പറഞ്ഞുവിട്ടതാണ്. ലളിതമായഭാഷയിൽക്കൂടെന്ന സാധനം മധുരംപുരട്ടി പറഞ്ഞതാണത്. ഉള്ളിലിരിപ്പ് വേറെയാണ്. വളരെ വ്യാപകവും അഗാധവുമായ ആശയം അതിലടക്കം ചെയ്യപ്പെട്ടിരിക്കുന്നു നിങ്ങൾ ചിന്തിക്കുക. സഹോദര സമത്വനിഷേധം എന്ന് നിങ്ങൾ ലഘുവായി ചിത്രീകരിച്ചു. പോര പരലോക സൗഖ്യത്തിനുള്ള പ്രാർത്ഥനക്ക് അദ്ദേഹം അർഹനല്ലെന്ന് പ്രവൃത്തികൊണ്ട് മുസ്‌ലിയാർ കാണിച്ചു. അർത്ഥം മനസ്സിലാക്കാത്ത നമ്മുടെ മഹല്ല് നിവാസികൾ അത് അനുവർത്തിച്ചു. പരലോക സൗഭാഗ്യത്തിന് വേണ്ടി മുസ്‌ലിംകൾ പ്രാർത്ഥിക്കരുത്. എന്നു കല്പന ആരെപ്പറ്റിയാണെന്നറിയാമോ? കാഫിറിനെപ്പറ്റി. ഒരു അമുസ്‌ലിമീന് വേണ്ടി അങ്ങനെ പ്രാർത്ഥിക്കരുത്. അപ്പോഴെന്തായി? നഹാസാഹിബ് കാഫിറാണെന്ന് വ്യംഗ്യാർത്ഥം. പക്ഷെ അദ്ദേഹം കാഫിറാണെന്ന് തുറന്നടിക്കാൻ മുസ്‌ലിയാർ ഒരുങ്ങിയില്ല. പെട്ടെന്ന് ജനങ്ങൾ പ്രകോപിതരാകും എന്ന് മുസ്‌ലിയാർ ക്കറിയാം. [illegible]യത്തിൽ കാര്യം പററിച്ചു. നെട്ടൽ സൃഷ്ടിക്കാതെ ജനങ്ങളെ വശീകരിച്ചു.

താ: ഇത്ര ഗൗരവം ആ വാക്കിനും പ്രവൃത്തിക്കും ഉണ്ടെന്നു ഞാൻ മനസിലാക്കിയിട്ടില്ല. ഒരു പക്ഷെ ആരും മനസ്സിലാക്കിയിരിക്കാനിടയില്ല.

യു. അതിന്റെ ഗൗരവം മനസ്സിലാക്കിയപ്പോഴാണ് എന്റെ അടുത്ത മഹല്ലിൽ പിറേറ വെള്ളിയാഴ്ച നിസ്കരിച്ചത്.

വൃ: അതു പിന്നേയും കൊള്ളാം. ഇവിടെ അതും ഉണ്ടായില്ല. എത്രയോ മഹല്ലിൽ നിസ്കരിച്ചില്ലല്ലോ എന്ന മറുപടിയാണ് വല്ലതും ഒഴിഞ്ഞുപോയോ. ചോദിച്ചാൽ കിട്ടുക എന്റെ സ്നേഹിതൻ ഈ സുന്നത്ത് താടിയുള്ള അമ്പത്കാരനും ആ മറുപടിയാണ് പറഞ്ഞത്.

താ: വാസ്തവം. എനിക്കിപ്പോഴും ലജ്ജ തോന്നുന്നു. ഈ വിഷയം അത്രമാത്രം ഗൗരവമുള്ളതായി എനിക്ക് തോന്നിയിരുന്നില്ല.

വൃ: തൗഹീദിൽ വിശ്വസിക്കുകയും നമസ്കാരാദികർമ്മങ്ങൾ യഥായോഗ്യം നിർവ്വഹിക്കുകയും ചെയ്യുന്ന ഒരു മുസ്ലിമിനെ കാഫിറാക്കിയാൽ എന്താണതിന്റെ പ്രത്യാഘാതം? പറയപ്പെട്ട

ആരം കാഫിറല്ലെങ്കിൽ പറഞ്ഞ ആരം കാഫിറാകം എന്നാണ് ഇസ്ലാമികമതവിധി. ഇപ്പോൾ നമുക്കറിയേണ്ടത് മുസ്ല്യാരോ നഹാസാഹിബോ ആരാണ് കാഫിറെന്നാണ്,

താ: തൗഹീദ് തെററിക്കഴിഞ്ഞാൽ ഇസ്ലാമിയത്ത് പോയില്ലെ. നഹയുടെ തൗഹീദ് വ്യത്യാസമുണ്ടെന്നല്ലേ പറഞ്ഞത്?

യു: മുസ്ല്യാരുടേ തൗഹീദും നഹായുടെ തൗഹീദും യോജിക്കുകയില്ലെന്നാണ് ഞങ്ങളുടെ ഖതീബ് പറഞ്ഞത്.

വ്യ; അപ്പോൾ ചിന്തിക്കേണ്ടത് ആരുടെ തൗഹീദാണ് ശരിയെന്നതാണ്.

താ: സുന്നികളുടെ തൗഹീദോ മുജാഹിദുകളുടെ തൗഹീദോ ഏതാണ് ശരി? അതാണ് പ്രശ്നം.

യു: സംഗതി അവിടെയൊന്നുമല്ല കിടക്കുന്നത്. ഞാൻ ഈ വിഷയത്തെക്കുറിച്ച് പല മഹല്ലുകളിലും അന്വേഷിക്കുകയുണ്ടായി ചില മഹല്ലുകളിൽ മഹല്ല് കമ്മിററികൾ പിളരുകയും ജനങ്ങൾ രണ്ടു ചേരിയായിത്തിരിയുകയും ചെയ്തിട്ടുണ്ട്. നഹാസാഹിബിന്റെ മരണം ഉണ്ടാക്കിയ പ്രതിദ്ധ്വനി അതിരിക്കട്ടെ ഞാൻ മനസ്സിലാക്കിയ ഒരു രഹസ്യം പറയാം രഹസ്യമല്ലാ ഒരു പക്ഷെ പരസ്യമായിരിക്കാം. ഒരു പ്രസംഗത്തിൽ നഹാസാഹിബ് പറയുകയുണ്ടായത്രെ മലബാറിലെ സുന്നീപണ്ഡിതന്മാർ തൗഹീദിനെക്കുറിച്ച് നല്ലവണ്ണം പഠിക്കണമെന്ന്. ഈ അർത്ഥംവരുന്ന എന്തോ അദ്ദേഹം പറഞ്ഞു സുന്നീ പണ്ഡിതന്മാർക്ക് അതൊരവഹേളനമായിട്ടല്ലേ തോന്നുകയുള്ളു. ഇസ്ലാമിന്റെ കുത്തക കയ്യിലേന്തി തങ്ങൾ മാത്രമാണ് യഥാർത്ഥ മുസ്ലിംകൾ മററു ഭിന്നാഭിപ്രായക്കാരെല്ലാം പിഴച്ചവരാണെന്ന് ഉൽഘോഷിക്കുന്ന ആ സുന്നീ പണ്ഡിതന്മാർ തൗഹീദിനെപ്പററി ശരിക്കും പഠിച്ചിട്ടില്ലാ എന്ന് ''മുസ്ലിയാ''രല്ലാത്ത ഒരു വ്യക്തി പറഞ്ഞാൽ അയാളെ അവർ വെറുതെ വിടുമോ? ആ പകയാണ് നഹാസാഹിബോട് ഇങ്ങനെപെരുമാറാൻ സുന്നി പണ്ഡിതന്മാരെ പ്രേരിപ്പിച്ചത് എന്ന് മനസ്സിലാകുന്നു. മാത്രമല്ല നേരത്തെ ഇത്തരം തീരുമാനം അവരെടുത്തു കാണും അല്ലാതെ പല മഹല്ലുകളിൽ പ്രവർത്തനശൈലിയിൽ ഐകരൂപ്യം കാണുമായിരുന്നില്ല നഹായെന്നല്ല ജമാഅത്തുകാരനേ,

മുജാഹിദോ ഇനത്തിൽപ്പെട്ട അറിയപ്പെട്ട വ്യക്തികളെ ഇങ്ങനെ ''മരണാനന്തര ബഹുമതി'' കൊടുത്ത് അപമാനിക്കാൻ അവർ നിശ്ചയിച്ചിട്ടുണ്ടാവണം. അവരോട് സലാം ചൊല്ലരുത് എന്നും മററു വിലക്കുകളും ഉണ്ടല്ലൊ.

വ്യ: ശരിയാണ് കെട്ടോ. ഭൂമിയിൽ കാണുമ്പോൾ അവരെ ''അയിത്തം'' കല്പിച്ച് അകററി നിർത്തണം, അതു് കൂടാതെ മരിച്ചാലും വിടരുത് എന്നാണ് ''ആ സ്വർഗ്ഗാവകാശി''കളുടെ തീരുമാനം. നോക്കൂ, ആഴ്ചതോറും എവിടെയെല്ലാമുള്ള എന്തെല്ലാം തരക്കാർക്കാണ് പള്ളിയിൽ മയ്യിത് നിസ്കരിക്കുന്നത്. ഒരു കാർഡ് കിട്ടിയാൽ മതി. അവരൊക്കെ ''യഥാർത്ഥമുസ്ലി''മൊ, മുജാഹിദോ, ജമാഅത്തോ എന്ന് ഈ മുസ്ലിയാക്കൾ ചിന്തിക്കാറില്ല. ഒരു നിലക്ക് ചിന്തിക്കേണ്ട ആവശ്യമില്ല. മുസ്ലിം നാമധാരിയായാൽ മതി. മദ്യപാനികളും, വ്യഭിചാരികളും, വഞ്ചകന്മാരും, തരികിടകളും അങ്ങനെ എല്ലാത്തരത്തിലുള്ള അയോഗ്യതകൾ ഒന്നുകൂടികിടക്കുന്ന മുസ്ലിം നാമധാരികൾക്കും സലാം ചൊല്ലാം മയ്യിത് നിസ്കരിക്കാം, അവർക്ക് ഓത്തുംദിക്റും അടിയന്തിരവും നടത്തി ചോറും കാശും സമ്പാദിക്കാം. ഒരു വിരോധവുമില്ലാ ആകെക്കൂടി മുജാഹിദ്, ജമാഅത്ത് എന്നിവ കേട്ടാൽ വെറളിയായി. അവർക്ക് ഭ്രഷ്ട്. മനുഷ്യാ, നീ ചെയ്യുന്നതെന്താണെന്ന് നീ അറിയുന്നുണ്ടോ?

യു; സുന്നി പണ്ഡിതന്മാരോട് തൗഹീദ് പഠിക്കാൻ കൽപ്പിക്കുമ്പോൾ, നഹാസാഹിബ് പഠിച്ച തൗഹീദ് സുന്നി മുസ്ല്യാക്കളുടെ ''ശരിയായ'' തൗഹീദിൽനിന്നും വിഭിന്നമാണെന്നും വ്യക്തമാണല്ലൊ. അപ്പോൾ നഹായുടേതു് തെററ് എന്നല്ലേ പറയേണ്ടത്.

വ്യ; വിഷയം അങ്ങനെ വലുതായിക്കൊണ്ടേ വരുന്നു. നാം ഇങ്ങനെ സംസാരിച്ചിട്ടുകാര്യമില്ല ഇവർ കുറേപേർ അദ്ദേഹത്തിനുവേണ്ടി നമസ്ക്കരിച്ചില്ലാ എന്ന കാരണത്താൽ അല്ലാഹുവിൻെറ മുമ്പിൽ അദ്ദേഹത്തിനുള്ള പദവിക്ക് മാററം വരുന്നതല്ല എന്ന് നമുക്ക് ആശ്വസിക്കാം. ഒരു കാര്യം നാം മനസ്സിലാക്കണം. നഹാ എന്താണെന്ന് എനിക്കറിയില്ല മുജാഹിദോ, ജമാഅത്തോ, സുന്നിയോ—അദ്ദേഹം പറഞ്ഞിട്ടുണ്ടാവാം, സുന്നികളിൽ ശിർകിൻെറ അംശം കലർന്നിട്ടുള്ള ധാരാളം ആചാരങ്ങളെ അനുഗ്രഹിക്കു

ന്നതും പോഷിപ്പിച്ചുവളർത്തുന്നതും സുന്നിപണ്ഡിതന്മാരാണ്. ബഹുജനങ്ങളേക്കാൾ അക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വം പണ്ഡിതന്മാർക്കാണല്ലൊ. അത്തരം ശിർക്കുകളിൽ നിന്നു് ഈ പണ്ഡിതന്മാർ ഒഴിഞ്ഞുമാറാത്ത അവസ്ഥ നഹായെ വേദനിപ്പിച്ചിരിക്കും. തൗഹീദിന് അനുയോജ്യമല്ലാത്ത അത്തരം ശിർകിൽനിന്നും ഒഴിഞ്ഞുമാറാൻ അവരോടു ഉപദേശിച്ചിട്ടുണ്ടാവും. തൗഹീദ് ഉറക്കുമ്പോൾ ശിർക്കിന് ഇളക്കം പറ്റുമല്ലൊ. അതാണ് തൗഹീദ് പഠിക്കാൻ പറഞ്ഞത്. ഇത്ര വേദനിക്കാനും ഇങ്ങനെ പകവീട്ടാനും മാത്രം അപകടകാരിയായ ഒരു സംഗതിയാണോ നഹായുടെ ആ ഉപദേശം!

താ: മുസ്ലിയാക്കൾ ശിർക് ചെയ്യുന്നുണ്ടെന്നല്ലെ പറഞ്ഞത്? അവരാണെങ്കിൽ ''യഥാർത്ഥ''ക്കാരെന്നു് ഉൽഘോഷിക്കുന്നു.

യു; ഇത്തിരി ഗൗരവമുണ്ട്. ശിർക് ചെയ്യുന്നു എന്നു് പറഞ്ഞാൽ മുശ്രികായിത്തീരുന്നു എന്നർത്ഥം. അപ്പോൾ സുന്നീ മുസ്ലിയാക്കളേയും അവരുടെ എല്ലാം അനുസരിച്ചു അവരെ എല്ലാം കൊണ്ടും പിൻപറ്റി നടക്കുന്ന മുസ്ലിം ബഹുജനങ്ങളേയും മുശ്രിക് എന്നു് വിളിക്കുകയല്ലേ നഹാസാഹിബ് ചെയ്തത്. ആ വാക്ക് ഉപയോഗിച്ചില്ലെന്നല്ലേയുള്ളൂ.

വു; അത് ശരി. സുന്നി മുസ്ലിയാക്കൾ അദ്ദേഹത്തെ കാഫിറെന്നു് പറയാതെ മുജാഹിദ് എന്നോ പ്രാർത്ഥന അർഹിക്കാത്തവൻ എന്നോ പറഞ്ഞപോലെ. മുശ്രീക്കീങ്ങൾ എന്നു് വിളിച്ചില്ല. തൗഹീദ് മനസ്സിലാക്കിയത് ശരിക്കല്ല എന്നു് ചിനുക്കിപ്പറഞ്ഞു.

താ; അത് ശരിയാണോ? പാരമ്പര്യ ആലിമീങ്ങളും നൂററാണ്ടുകളായി മുസ്ലിം സമുദായത്തിന് മതവിജ്ഞാനം പകർന്നുകൊടുത്തുകൊണ്ടിരുന്നവരും ഏത് നിലക്കും ഇസ്ലാമിൻെറ വക്താക്കളെകാൻ അർഹതയുള്ളവരുമായ സുന്നീ പണ്ഡിതന്മാരെ ''മുശ്രീകീങ്ങൾ'' എന്നു് പറയുന്നത് ക്ഷന്തവ്യമാണോ? അതവർ സഹിക്കുമോ? കാഫിറാക്കൽതന്നെ അവരുടെ നോട്ടത്തിൽ ചെറിയ ശിക്ഷയേ ആവുകയുള്ളൂ. പരലോകത്തിൽ അവരുടെ സ്വാധീനം ചെലുത്താൻ സാധിക്കുമായിരുന്നെങ്കിൽ അവർ എന്ത് ചെയ്യുമെന്ന് നമുക്ക് ഊഹിക്കാം.

വ്യ; നിങ്ങളൊന്ന മനസ്സിലാക്കണം മുശ്‌രിക് എന്നു് പറയു ന്നതിൽ അത്രയൊന്നും പരിഭ്രാന്തരാകേണ്ടതില്ല. നാമൊക്കെ ഒരള വിൽ മുശ്‌രിക്കീങ്ങളാണ്. നാമറിയാതെ ശിർകിൻെറ ഏതെങ്കി ലും ഒരു രൂപം നമ്മുടെ സ്വഭാവത്തിൽ ഇഴകിച്ചേർന്നിട്ടുണ്ടാകും. ഞാനത് വർണ്ണിക്കുന്നില്ല. അല്ലാഹു ഖുർആനിൽപ്പറയുന്നത് കേ ൾക്കു. നിങ്ങളിൽ അധികവും മുശ്‌രിക്കീങ്ങളായിട്ടല്ലാതെ വിശ്വാ സികളാകുന്നില്ല എന്നാണ്. അത് നിഷേധിക്കാൻ പററുകയില്ല ല്ലൊ. ശിർക്ക് ശിർക്ക് ബഹുഭൂരിപക്ഷത്തിലും ഉണ്ട്. നബി (സ) എന്ത് പറഞ്ഞു. എൻെറ ഉമ്മത്തിൽ ശിർകിനെ ഞാൻ ഭയ പ്പെടുന്നു എന്താ അതിന്നർത്ഥം? ശിർക് കടന്നുകൂടാവുന്ന സാഹചര്യം ഭാവിയിൽ ഉണ്ടാകും എന്നല്ലെ? ആ സാഹചര്യം ഉണ്ടായി. ശിർക്ക് കടന്നുകൂടി. എല്ലാവരും-ചിലരൊഴികെ—ഓരോ നിലയിൽ മുശ് രിക്കായി, അത് ശുദ്ധീകരിച്ച തൗഹീദുകാരായി രൂപാന്തരപ്പെടാൻ നാം ഓരോരുത്തരും ശ്രമിക്കണം. ഈ ആശയത്തിലെന്താണ് തെററ്?

താ: ഇപ്പോഠം ശരിയായി. നഹാപറഞ്ഞതിൽ തെറെറാന്നു മില്ല. ഈ മുസ്ലിയാക്കളുടെ നയമാണ് തെററ്. വ്യക്തി വിദ്വേ ഷം ഒന്നുമാത്രമാണ് അവരെ ഇതിന് പ്രേരിപ്പിച്ചത് എന്നതിൽ സംശയമില്ല. മാത്രമല്ല ആ തെററായനയം നടപ്പിലാക്കാൻ പാവ പ്പെട്ട അജ്ഞരായ എന്നെപ്പോലെയുള്ള ബഹുജനങ്ങളേയും കൂട്ടുപി ടിച്ചിരിക്കുന്നു. മയ്യിത് നമസ്കരിച്ചാലുള്ള കൂലി എത്രപേർക്ക് ഇ വർകാരണം നഷ്ടപ്പെട്ടു. മനക്ലേശവും.

യ; ഒരു മഹല്ലിലെ ഖത്വീബിനെ മാററിയിട്ടുണ്ടെന്നു് കേ ട്ടു. കുറച്ചു ചിന്തിക്കുന്നവൻ അവിടെയുണ്ടെന്നു് തോന്നുന്നു.

വ്യ: മുസ്ലിമിന് നമസ്കാരം വിലക്കുന്ന മുസ്ലിയാരെ മഹ ല്ലിൽനിന്നു് വിലക്കണം മുസ്ലിംകളുടെ അദ്ധ്യാത്മ ഗുരുക്കന്മാരായി സന്മാർഗ്ഗദർശികളായി പരിലസിക്കേണ്ടവരായ ഈ പണ്ഡിത ന്മാർ അല്ലാഹുവിൻെറ പേരുംപറഞ്ഞു ജനങ്ങളെ വഴിതെററിക്കുക യും അന്യോന്യം ശത്രുക്കളൊക്കി നാട്ടിൽ കലാപം സൃഷ്ടിക്കുകയു മല്ലേ ചെയ്യുന്നത്? ഇത്തരക്കാർ പള്ളികളിൽനിന്നു് പുറത്തു് പോ ണം, ജനങ്ങഠം അവരുടെ സ്വാധീനവലയത്തിൽനിന്നു് മോചി തരാവുകയും വേണം.

താ; എനിക്ക് ഇപ്പോഴാണ് ചൂടാവുന്നത്. കാര്യം ഇപ്പോഴാണ് ശരിക്കും മനസ്സിലാകുന്നത്.

വ്യ: ചൂടായ നിങ്ങളെ പഴപ്പിച്ചുതരാം. കേരംക്കധ്യേിൻ—നഹാസാഹിബിൻെറ മയ്യിത് നമസ്കരിച്ച അറിയപ്പെടുന്ന വ്യക്തികളിൽ പാണക്കാട്ടെ ശിഹാബ്തങ്ങളും ഉമർബാഫഖീതങ്ങളും മററുപല ഉന്നതശീർഷന്മാരും പെടുന്നു. അവരുടെ തൗഹീദും നഹായുടെ തൗഹീദും സംഘട്ടനത്തിലല്ല. അപ്പോഠം ശത്രുവിൻെറ മിത്രംശത്രു എന്ന ന്യായേന നഹാക്ക് നമസ്കരിച്ച തങ്ങൻമാരുടെ തൗഹീദും സംഘട്ടനത്തിലാണെന്നു സിദ്ധിക്കുന്നു, എന്താണ് ഫലം? അവരും നഹായെപ്പോലെ തള്ളപ്പെടും എന്നർത്ഥം.

താ; പടച്ചോനെ വല്ലാത്ത കുടുക്കത്തിലായല്ലൊ കാര്യങ്ങരം.

വ്യ: തീർന്നിട്ടില്ലാ താടിക്കാരാ, ജീവിച്ചിരിക്കുമ്പോരം ഒന്നും പറയില്ല. നഹാസാഹിബ് മരിച്ചപ്പോരം അദ്ദേഹത്തെപ്പററിയുള്ള വിധി പുറത്തായി ജനങ്ങരം നടപ്പാക്കി. അത്പോലെ ഞാനും താനും ഇപ്പോരം അവരുടെ കൂടെ അവരിൽപ്പെട്ടവരെപ്പോലെ സമൂഹത്തിൽ കഴിയുന്നു. പക്ഷെ നമ്മുടെ അന്ത്യഘട്ടത്തിൽ ഈ മുസ്ല്യാർ നമ്മെപ്പററി എന്ത്പറയുമെന്ന് ഇപ്പോരം അറിയാമോ?

താ; അതറിയാൻ കഴിയില്ലല്ലൊ നമ്മളെ പററിച്ചുകളയുമോ?

വ്യ: അതാണ് ഞാൻ ആദ്യം പറഞ്ഞത്. മുസ്ല്യാർ എന്തു് പ്രസംഗിച്ചാലും ഞാൻ കമ എന്നു് ശബ്ദിക്കയില്ല. വല്ലതും പറഞ്ഞു എതിർത്തുപോയാൽ ഉടനെ നമുക്ക് മുദ്രകുത്തും—മുജാഹിദ് അല്ലെങ്കിൽ ജമാഅത്ത്. അറിഞ്ഞോ? ഇപ്പോരം ഒന്നും പരസ്യമായിപ്പറയില്ല. സ്വകാര്യമായി ഓരോരുത്തരോടും പറയും. അത് മനസ്സിൽവെച്ചുകൊണ്ടു അവരെക്കെയും നമ്മോടു് ചിരിച്ചുകളിച്ചും ഒപ്പിച്ചുപറഞ്ഞും സ്നേഹത്തിൽ കഴിഞ്ഞുകൂടും. അല്ലാഹുവിൻെറ കല്പനക്ക് നമ്മരം മരണപ്പെട്ടാൽ കാണാം മുസ്ല്യാരെ രംഗത്ത്; കേരംക്കാം അദ്ദേഹത്തിൻെറ പ്രഖ്യാപനം. നമ്മുടെ സുന്നിയിൽപ്പെട്ട ആളല്ല. സ്വർഗ്ഗാവകാശിയല്ല. പ്രാർത്ഥന അർഹിക്കുന്നില്ല. ആരും അയാളുടെ മയ്യിത് നമസ്കരിക്കരുത് മുസ്ല്യാർ

അങ്ങനെ പറഞ്ഞാൽ പിന്നെ ഏത് കോഴിയാ നമുക്ക് വേണ്ടി മയ്യിത് നമസ്കാരം നിറവേററുക? ഒരു പക്ഷെ മുസ്‌ലീം ഖബർസ്ഥാനിൽ നമ്മെ മറവ് ചെയ്യാനും മുസ്‌ലിയാർ അനുവദിച്ചെന്നു വരില്ല. മുസ്‌ല്യാരുടെ കയ്യിലെ കരങ്ങുകളായ നാട്ടുകാർ—നമ്മുടെ സഹോദരർ, ബന്ധുക്കൾ, അയൽവാസികൾ, സുഹൃത്തുക്കൾ-എതിർത്തെന്നും വരില്ല. അപ്പോൾ നമ്മുടെ പുരയുടെ തെക്കേപ്പുറത്ത് നമ്മുടെ ഖബർ സ്ഥാൻ-മുസ്‌ലിയാരുടെ ഭാഷയിൽ ശവക്കുഴി.

താ: അള്ളോ, എൻെറള്ളോ, മതിമതി, എനിയൊന്നും പറയല്ലെ. പഴക്കമാത്രമല്ല. ഉരുകിക്കഴിഞ്ഞു എനി ഞാൻ ആവിയായി ഇല്ലാതെയാകും. ഹലാക്ക്. നബി പറഞ്ഞിട്ടുണ്ടല്ലോ. ഒരു കാലം വരും ഉലമാഉഹ്ഹുംശർറുമ്മിൻതഹ്തി അദീമിസ്സമാഅ്; അക്കാലത്തെ പണ്ഡിതൻമാർ അപകടകാരികളാണെന്നു് പടച്ചോനേ ഈ മുസ്‌ലിയാംൻമാരുടെ ശർറിൽനിന്നു് അറിവില്ലിത്ത ഞങ്ങളെ നീ രക്ഷിക്കണേ.

അനുഭവം 5

നരകം ഹൗസ്ഹുൾ

വല്ലാതെ ക്ഷീണം. തോന്നിയ ഒരു ദിവസം-നീണ്ട വിശ്രമം കരുതിക്കൊണ്ട പള്ളിയിൽ പുറത്തെ ചരുവിൽ കിടക്കുകയായിരുന്നു. മദ്ധ്യാഹ്ന നമസ്കാരംവരെ വിശ്രമസമയം സ്വപ്നം കണ്ടെത്താൻ നിരാശനായി. കാരണം എനിക്കുള്ള വിഭവങ്ങൾ തെയ്യാറാവുകയാണ്.

ഒരു പൊക്കമുള്ള മനുഷ്യൻ കയറിവന്നു. കതകും ചാരി കാററുകൊണ്ടിരിപ്പായി. അല്പനിമിഷങ്ങൾക്കുള്ളിൽ അകത്ത് നിന്ന് ഒരു കുറുകിയ മനുഷ്യൻ പുറത്തേക്ക് വന്നു. ഇവർ രണ്ടുപേരും സലാം ചൊല്ലി സംസാരം തുടങ്ങി. പ്രാരംഭ സംവാദത്തിൽനിന്നു മനസ്സിലായത്: പൊക്കമുള്ള മനുഷ്യൻ എവിടെയോ ഒരു യാത്രകഴിഞ്ഞു ആശ്വസിക്കാൻ കയറിയതാണ്: മേറേയാരം ളുഹാനമസ്കാരം കഴിഞ്ഞുപോകാനുള്ള ഒരുക്കത്തിലും.

വിദൂരവാസികളായ പഴയ സ്നേഹിതന്മാരാണെന്നും ആശയാദർശങ്ങളിലുള്ള സമാനതനിമിത്തം അസാധാരണമായ സാഹോദര്യ ബന്ധം നിലനിർത്തുന്നവരാണെന്നും അവരുടെ സംഭാഷണം വ്യക്തമാക്കി.

പെട്ടെന്ന് അവരുടെ സംഭാഷണം മറെറാരു പാതയിലേക്ക് തിരിഞ്ഞു അപ്പൊഴാണ് എനിക്ക് ജോലിയായത്.

പൊക്കമുള്ള മനുഷ്യൻ; നിങ്ങളെന്ത്കൊണ്ട് ജനമേറാപ്പറമ്പിലെ യോഗത്തിൽ വന്നില്ല? ഞാൻ അവിടെ പ്രതീക്ഷിച്ചു.

കുറുകിയമനുഷ്യൻ: അതിൽ പങ്കെടുത്തില്ലല്ലൊ. എന്നു് എനിക്കും വല്ലാത്ത നിരാശയുണ്ട്. അനിവാര്യമായ മറെറാരു കാര്യത്തിൽ അന്നേദിവസം എനിക്ക് ബന്ധപ്പെടേണ്ടിവന്നു,

പൊ: അന്നു് ആ യോഗത്തിൽ അവർ പറഞ്ഞതിൽ ഏതാണ്ടൊക്കെ സംഭവിച്ചു തുടങ്ങിയിരിക്കുന്നു. ഇസ്ലാമിൻെറ പേരുപറഞ്ഞു എന്തൊക്കെയാണ് അവർ ചെയ്തുകൂട്ടുന്നത്?

കു; ഇതു്വരെ വെതച്ചത് ഇപ്പോഴാണ് കൊയ്യാൻ തുടങ്ങിയതു്. എല്ലാവരേയും കാഫിറാക്കിക്കഴിഞ്ഞു. ഇപ്പോരം സ്വയം അന്യോന്യം കാഫിറാക്കിത്തുടങ്ങി.

പൊ; കാര്യപ്പെട്ട ആരുടെയോ ശാപം ഇവർക്ക് ഫലിച്ചിട്ടുണ്ട്. അല്ലെങ്കിൽ പേരെടുത്ത ഈ പണ്ഡിതന്മാർ ഇങ്ങനെ തല്ലിപ്പിരിയണോ? അതോടെ സമൂഹവും നട്ടങ്ങിക്കഴിയുകയല്ലേ?

ക: ജമാ-മുജയോടുള്ള എതിർപ്പും ശത്രുതയും എത്രമാത്രം ശക്തിയുള്ളതും ആഴമേറിയതമാണെന്നോർത്തുനോക്കൂ. പൊതുനൻമക്കായാൽപോലും അവരുമായി സുന്നികൾ ഒരു സാഹചര്യത്തിലും സഹകരിക്കരുത് എന്ന കാര്യത്തിൽ എന്തൊരു നിർബന്ധം. സ്വയം നശിച്ചാലും അപമാനിതരായാലും സഹിക്കാം. ഇവരുമായി കൂടിയിട്ട ഒരു നന്മയും കരസ്ഥമാക്കണ്ട, എത്ര വലിയ തിന്മയും സഹിക്കാൻ മടിക്കയും വേണ്ട. സഹനംദീനിന് വേണ്ടി ചെയ്യുന്ന സേവനമാണെന്നാണ് ഈ 'സുന്നി'കളുടെ വിശ്വാസം.

പൊ: റസൂൽ തിരുമേനി അമുസ്ലിംകളുമായി മിനിമം പരിപാടിയിൽ യോജിച്ച് സഹവർത്തിക്കാൻ തയ്യാറായിരുന്നു. എന്നാൽ അല്ലാഹുവിലും റസൂലിലും വിശ്വസിച്ച ഖുർആനിലെ കല്പനയനുസരിച്ച്, കഴിയുന്ന അളവിൽനല്ല മുസ്ലിമായി ജീവിക്കുന്ന സഹോദരങ്ങളെ പച്ചയായി കാഫിറെന്ന് പറഞ്ഞുതള്ളാൻ ഒരു മടിയും ഈ 'സുന്നി'കൾക്കില്ലാതായല്ലൊ. അവരെ പിൻപററുന്ന സാധാരണക്കാരായ മുസ്ലിം സഹോദരങ്ങളെക്കൊണ്ട് ഇവർ എന്തൊക്കെപറയിപ്പിക്കുന്നു? എന്തൊക്കെ ചെയ്യിപ്പിക്കുന്നു? അതിൻെറ പാപഭാരങ്ങൾ ഇപ്പോൾ അവരുടെ പിരടിയിൽത്തന്നെ വീഴുകയാണ്.

ക; അവരുടെ ഭാഷയിൽ ഇപ്പോൾ ''നരകം ഹൗസ്ഫുൾ— സ്വർഗ്ഗംകാലി'' എന്ന സ്ഥിതിയാണുള്ളത്. മുജാഹിദുകൾക്കും ജമാഅത്തുകാർക്കും പക്കാ കാഫിർകളാകയാൽ സ്വർഗ്ഗപ്രവേശമില്ല. സുന്നികൾക്ക് മാത്രമായി സ്വന്തമായിരുന്നു സ്വർഗ്ഗം. ഇപ്പോൾ അവർ രണ്ടുവിഭാഗമായി; അന്യോന്യം കാഫിറാക്കിത്തുടങ്ങി. ഇരുകൂട്ടരും കാഫിറായി സ്വർഗ്ഗപ്രവേശാവകാശം കളഞ്ഞുകളിച്ചു. ഇപ്പോഴെന്തുണ്ടായി? സ്വർഗ്ഗത്തിൽ ആരുമില്ല. കാലി എല്ലാവരും നരകത്തിലെത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ നരകം ഹൗസ്ഫുൾ.

പൊ; ഫലിതമാണെങ്കിലും സംഗതിയുടെ കിടപ്പങ്ങനെയാ

ണ്. പരസ്യമായി ബുദ്ധിശ്ശൂന്യമായ ഫത്വകൾ നല്കാൻ ഒരു മ ടിയില്ലാത്ത ആലിമീങ്ങളാണ് അവർ നഹാസാഹിബിന്റെ മയ്യ ത്ത് നിസ്കരിക്കരുതെന്ന് മുസ്ലിം സാമാന്യ ജനങ്ങളെ വിലക്കിയ വരാണവർ. നഹാ സുന്നിയല്ല. മുജാഹിദാണ്. മുസ്ലിംകളുടെ പ്രാ ർഥനക്ക് അർഹനല്ല. അതായത് മുസ്ലിമല്ല, കാഫിറാണ്. വെ ള്ളിയാഴ്ചതോറും ഡജൻകണക്കിന് മയ്യിത് നിസ്കരിക്കുന്നു. അവ രൊക്കെ പച്ചമരുന്നോ ഹറിമരുന്നോ ആരറിയുന്നു. അല്ലാഹുത്തആ ലാ സൃഷ്ടിച്ച സകലജാതി ജീവജാലങ്ങൾക്കും തുല്യമായ ജീവികൾ മനുഷ്യസമുദായത്തിലുണ്ട്. മുസ്ലിംകളിലുണ്ട്. അല്ലാഹുത്തആലാ നിരോധിച്ച എല്ലാ ഹീനതകളും ന്യൂനതകളും ക്രൂരതകളും വഹിച്ചും വർത്തിച്ചും ഇസ്ലാമുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചും നടക്കു ന്നവർ—കണ്ടവഴിയോരങ്ങളിൽനിന്ന് പാത്തികടഞ്ഞു പോകുന്ന മാ ന്യന്മാർ—കുടിച്ചുകഴഞ്ഞു താളംതെററി ആടിയുലഞ്ഞു വഴിയോരങ്ങ ളിൽ മലർന്നടിച്ചുവീണ ബോധംകെട്ടു കിടക്കുന്ന യോഗ്യന്മാർ-താ ത്താടെയും കാക്കാടെയും മകനായിപ്പിറന്നു എന്ന ഒരൊററ യോഗ്യത യിൽ മുസ്ലിമായി. എണ്ണപ്പെടുന്നവർ— ഇവർക്കൊക്കെയും മയ്യിത് നമസ്കരിക്കാൻ സദാസന്നദ്ധരായിക്കൊണ്ടു ഖതീബന്മാരും പൊ തുജനങ്ങളും കഴിഞ്ഞുകൂടുന്നു അവരൊക്കെ സുന്നിയാണ്. ഒരു പ്ര ശ്നവുമില്ല നമസ്കരിക്കാം നമസ്കരിക്കണം. നിസ്കരി ച്ചാലും ഇല്ലെങ്കിലും ആരറിയുന്നു. നഹാസാഹിബ് അങ്ങനെയ ല്ല. അറിയപ്പെടുന്ന മുജാഹിദ്. അദ്ദേഹത്തിന് പരസ്യമായി നമസ്കാരം നിഷേധിക്കണം എന്നാലേ സുന്നികൾ ആകുകയുള്ളു— യഥാർഥ സുന്നികൾ. എന്നാൽ സുന്നികളല്ലാത്തവരെ അങ്ങേഅററം വെറുക്കുകയും, നഖശിഖാന്തം എതിർക്കുകയും, ആത്മനാശപരമാ യാലും സഹകരിക്കാതിരിക്കുകയും ചെയ്യുന്നവരാണ്. ഇങ്ങനെ ചെയ്താലേ മുജാ-ഉമകൾ പഠിക്കുകയുള്ളു.

ക: ഞാൻ പറഞ്ഞില്ലേ, നരകം ഹൗസ്ഫുൾ. സ്വർഗ്ഗ ത്തിൽ ആളില്ലാതായി കാന്തസുന്നികളെ. സൂര്യസുന്നികൾ കാഫി റാക്കി; സൂര്യസുന്നികളെ കാന്തസുന്നികൾ കാഫിറാക്കി. സുന്നി

കളിൽ കഫിറല്ലാത്തവരായി ആരും അവശേഷിക്കുന്നില്ല.

പൊ: ഈ കാഫിറാക്കൽ ശരിയല്ലെന്ന് സുന്നികൾ തുറന്നു പറയുകയില്ല. കാരണം അത് ശരിയല്ലെന്ന് സമ്മതിച്ചാൽ അവർ ജമ മുജ-യെ കാഫിറാക്കിയതും ശരിയല്ലെന്ന് സമ്മതിക്കേണ്ടിവരും. ഏതായാലും ഒരാശ്വാസമുണ്ട്. അല്ലാഹുത്ത ആലാ സ്വർഗ്ഗാവകാശികളെ നിർണ്ണയിക്കുന്നത് സുന്നി മുസ്ല്യാക്കളുടെ സമ്മതം ചോദിച്ചിട്ടല്ല.

അജ്ഞാനത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവരും സ്വയം ധീരന്മാരെന്നും പണ്ഡിതന്മാരെന്നും അഭിമാനിക്കുന്നവരുമായ മൂഢന്മാർ കുരുടനാൽ നയിക്കപ്പെടുന്നവരെപ്പോലെയാണ്.

മുണ്ഡകോപനിഷത്ത്.

അനുവാചകരോട്

മുസൽമാൻെറ ജീവിതത്തിൽനിന്നും ഇസ്ലാമിക മൂല്യങ്ങൾ ഗണ്യമായ അളവിൽ ചോർന്നുപോയിട്ടുണ്ടെന്നാണ് അവരുടെ ദൈനംദിന ജീവിതം വീക്ഷിക്കുന്ന സഞ്ചാരിയുടെ അഭിപ്രായം. എന്തു കാര്യത്തിലും ''ഇസ്ലാം'' ഒരു നോക്കുകുത്തിയായി മുന്നിൽ കാണാം; അത്രമാത്രം. ആപാദചൂഡം കാപട്യം! സഞ്ചാരിയുടെ മനക്ലേശം ആരോട് പറയാൻ?

പെരിഞ്ഞനം, ലേഖകൻ
25–5–1989.

വിതരണം
സാജിദ മെഡിക്കൽ സ്റ്റോഴ്സ്
പെരിഞ്ഞനം
680686.
(തൃശ്ശൂർ)